മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 14 THE ONLINE OFFICIAL NEWS BULLETIN 2024 March 28

SEASON OF RESURRECTION ഉയിർപ്പുകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
	HEVORO WEEK		HEVORO WEEK		HEVORO WEEK	
♪8/1 Qyomto Easter Resurrection Sunday 31	♪2 1 Hevoro Monday	♪3 2 Hevoro Tuesday	♪4 3 Hevoro Wednesday	♪5 4 Hevoro Thursday	♪6 59th Mem. of Kuriakose Mar Gregorios Metropolitan (Pampady Dayara) Comme. of Confessors of Faith 5 Hevoro Friday	♪7 6 Hevoro Saturday



ബറോഡാ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ വചനിപ്പ് പെരുന്നാളിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വി. കുർബ്ബാന അർപ്പിച്ചു.



പുതുപ്പള്ളി നിലയ്ക്കൽ പന്തിരു ശ്ളീഹന്മാരുടെ പള്ളിയിൽ ഡോ. യുഹാനോൻ മാർ ദീയസ്കോറോസിന്റെ മുഖ്യ കാർമികത്വത്തിൽ ഓശാന ശുശ്രൂഷകൾ ആചരിച്ചു.



ഡോ. ഗീവർഗിസ് മാർ യൂലിയോസ് ഡബ്ലിനിലെ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ പെസഹാ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.



കൂത്താട്ടുകുളം വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ നടന്ന ഓശാന ശുശ്രൂഷയ്ക്ക് ഡോ. തോമസ് മാർ മെത്രാപ്പോലീത്താ നേതൃത്വം നല്കി. ജോൺ തളിയച്ചിറ കോറെപ്പിസ്കോപ്പ, വികാരി ഏലിയാസ് ജോൺ മണ്ണാത്തിക്കുളം കശീശ, എന്നിവർ സഹകാർമികരായിരുന്നു.



കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് മഹാഇടവകയിലെ ഓശാന പെരുന്നാൾ ശുശ്രൂഷകൾക്ക് യുഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു.



വായനക്കാർക്ക് പുനരുത്ഥാന പെരുന്നാൾ ആശംസകൾ നേരുന്നു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1924-ലെ കല്പനകളുടെ നമ്പർ ബുക്ക്.

851. മട്ടയ്ക്കൽ മല്പാനു. തിരുവല്ലാ ചാലക്കുഴിയിൽ പൗലൂച്ചന്റെ മകളുടെ കല്യാണം അവിടെ ചെന്നു നടത്തിക്കൊടുക്കണമെന്നു. 1099 മേടം 21. പരുമല സിമ്മനാരി.

852. മാന്നാർ അഞ്ചൽ മാസ്റ്റർക്കു. നാം എറണാകുളത്തു പോയി വരുന്നതു വരെയുള്ള എഴുത്തുകൾ, മണിഓർഡറുകൾ, രജിസ്റ്റേർഡ് കത്തുകൾ മുതലായതു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ഏല്പിക്കണമെന്നു. 1099 മേടം 22. പരുമല സിമ്മനാരി.

1099 മേടം 22-നു വൈകിട്ടു അത്താഴമേശ കഴിഞ്ഞു പരുമല സിമ്മനാരിയിൽ നിന്നും വള്ളം കയറി 24-നു ഉച്ചയോടുകൂടി എറണാകുളത്ത് എത്തി.

853. കൊച്ചുമെത്രാച്ചനു. എറണാകുളത്തു എത്തിയ വർത്തമാനങ്ങൾക്കും മറ്റും. 99 മേടം 25. എറണാകുളം.

854. പാലപ്പള്ളിൽ അച്ചനു. എറണാകുളത്തു താമസം ഇല്ലാത്തതുകൊണ്ടു ഇങ്ങോട്ടു വരണമെന്നു ഇല്ലെന്നും ഇടവം ആദ്യം കോട്ടയത്തു എത്തണമെന്നും. 99 മേടം 25. എറണാകുളം.

855. സി. ടി. ഏലിയാസ്. ഉടനെ കോട്ടയത്തു എത്തുന്നതാണെന്നും മറ്റും. 1099 മേടം 25. എറണാകുളത്തു നിന്നും.

856. കുരിശുങ്കൽ മാണി കത്തനാർക്കു. കോട്ടയത്തിനു വന്നാൽകൊള്ളാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

857. കുരിശുങ്കൽ മാണി കത്തനാർക്കു. തിങ്കളാഴ്ചയ്ക്കകം ഇവിടെ വന്നു പോകണമെന്ന്. 1099 മേടം 26. എറണാകുളത്തു നിന്നും.

858. സി. റ്റി. ഈപ്പനു. വർത്തമാനങ്ങൾക്കു. 1099 മേടം 27. എറണാകുളത്തു നിന്നും.

859. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

860. To His Holiness Moran Mar Ignatius Patriarch of Antioch and to the Bishops, clergy and laity of the ... Syrian Church of Palastine. ... നെ സംബന്ധിച്ചുള്ള ... 11 മെയ് 1924.

861. പി. സി. വറുഗീസിനു. വർത്തമാനങ്ങൾക്കു. 13 മെയ് 1924. എറണാകുളം.

1099 മേടം 31-നു ഉച്ചയോടു കൂടെ എറണാകുളത്തു നിന്നും വള്ളം കയറി പിറ്റേദിവസം ഇടവം 1-നു കാലത്തു കോട്ടയം മാർ ഏലിയാ ചാപ്പലിൽ എത്തി.

862. സി. എം. തോമസു ശെമ്മാച്ചനു. റ്റി. റ്റി. ചാക്കോയ്ക്കു കുണ്ടറ സ്കൂളിൽ ജോലി കൊടുക്കുന്നതിനെക്കുറിച്ചും മറ്റും. 99 ഇടവം 1. മാർ ഏലിയാ ചാപ്പലിൽ നിന്നും.

863. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങളെക്കുറിച്ചും മറ്റും. 99 ഇടവം 3. കോട്ടയം മാർ ഏലിയാ ചാപ്പലിൽ നിന്നും.

864. പുലിക്കോട്ടു ശെമ്മാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

865. കുറിയാക്കോസ് റമ്പാച്ചനു. ഇത്രടം വന്നു പോകണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

866. പീലക്സിനോസു മെത്രാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

867. ഫാ. പി. ജി. കോശിക്കു. ബ്രഹ്മവാറിനു പോകുന്നതിനെക്കുറിച്ചു. 99



ഇടവം 4. മാർ ഏലിയാ ചാപ്പൽ.

868. തൈറ്റസ് മാർത്തോമ്മാ മെത്രാച്ചനു. പെങ്കീസാ തയ്ച്ചു കൊടുക്കുന്നതിനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

869. ഡീക്കൻ വി. ഒ. ജോസഫ്. അപ്പന്റെ മരണത്തെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

871. നിലയ്ക്കൽപള്ളി മുതൽപിടി കൈപ്പനാട്ടു മാത്തുച്ചനു. റീശീസായെ സംബന്ധിച്ചു. 1099 ഇടവം 7. മാർ ഏലിയാ ചാപ്പലിൽ നിന്നും.

872. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. 99 ഇടവം 8. മാർ ഏലിയാ ചാപ്പൽ.

873. ഇ. ജെ. ജോൺ വക്കീലിനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

874. കെ. എം. മാമ്മൻ വക്കീൽ. തേവലക്കര കോശി വക്കീലിന്റെ കുടുംബത്തിൽപെട്ട കൊച്ചനു ഒരു ജോലി കൊടുക്കണമെന്നു. ടി തീയതി. ടി സ്ഥലം.

875. ജോർജ് ഫിലിപ്പ് എഞ്ചിനീയർക്കു. വേളൂർ പൂവത്തുവീട്ടിൽ പി. സി. ചെറിയാനു എന്തെങ്കിലും ഒരു ജോലി കൊടുക്കണമെന്ന്. 99 ഇടവം 9. മാർ ഏലിയാ ചാപ്പലിൽ നിന്നും.

876. പീലക്സിനോസ് മെത്രാച്ചനു. ഇത്രടം വന്നു പോകണമെന്ന്. ടി തീയതി. ടി സ്ഥലം.

877. A testimonial certificate to Fr. C. J. Scaria. 24th May, Kottayam.

878. A testimonial certificate to Fr. C. J. Scaria. 24th May, Kottayam.

879. To the Brahmavar Syrian Church. ... Fr. Geevarghese ... Fr. Scaria to that place to ... 24th May, Kottayam.

1924-നു കൊല്ലം 1099-മാണ്ടു ഇടവ മാസം 13-നു തിങ്കളാഴ്ച കോട്ടയം ഏലിയാ ചാപ്പലിൽ നിന്നു പുറപ്പെട്ടു ... ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ

വീട്ടിൽ കയറി ഇറങ്ങി 14-നു രാവിലെ പരുമല സിമ്മനാരിയിൽ എത്തി.

880. കെ. സി. ഈപ്പനു. സിമ്മനാരി സമരിക്കേസിന്റെ അവധി അറിഞ്ഞു എഴുതിയയക്കണമെന്നും മറ്റും. 1099 ഇടവം 14-നു പരുമല സിമ്മനാരി.

881. പൂതകുഴിയിൽ അബ്രഹാം കത്തനാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

882. ഇ. ജെ. ഫീലിപ്പോച്ചനു. ടി സംഗതിക്കു. ടി തീയതി. ടി സ്ഥലം.

883. കലയക്കാട്ടിൽ തോമ്മാ കത്തനാർക്കു. നാഷണൽ ബാങ്കിലുള്ള നമ്മുടെ ഡിപ്പോസിറ്റിനുള്ള നോട്ടുകൾ പരുമല തോപ്പിൽ അയ്പിനു നാം ഓർഡർ ചെയ്യുന്നതു അവൻ കൊണ്ടുവരുന്നു. കണക്കു തീർത്തു ബാക്കിയുള്ളതു അവന്റെ പക്കൽ കൊടുത്തുകൊള്ളണമെന്നും മറ്റും. 1099 ഇടവം 17-നു. പരുമല സിമ്മനാരി.

884. ജോർജ് ലൂക്ക് മുതലാളിക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

885. കണിശേരിൽ അലക്സന്ത്രയോസു കത്തനാർക്കു. കൊച്ചുമെത്രാച്ചൻ ആ പള്ളി സംഗതികൾ കേട്ടു തീരുമാനിക്കുന്നതു വരെ കീഴാനി മത്തായി യോനാ മുതൽപേരുടെ സംഗതിയിൽ ജ്ഞാനത്തോടെ പ്രവർത്തിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

886. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു.

887. പീടികയിൽ ഗീവറുഗീസു കത്തനാർക്കു.

888. മുളമൂട്ടിൽ തോമ്മസു കത്തനാർക്കു.

889. വടുതല ഈശോ കത്തനാർക്കു. ഓമല്ലൂർ പള്ളിസംബന്ധമായ കുഴപ്പങ്ങൾ പരിശോധിക്കുന്നതിനു ശ്രമിക്കണമെന്നും മറ്റും. 1099 ഇടവം 14-നു പരുമല സിമ്മനാരി.

890. പുത്തൻപീടിക തെക്കേക്കര പള്ളിക്കാർക്കു. അടുത്തയാണ്ടത്തേക്കു ടി പള്ളി ഖജാൻജിയായി പ്രവർത്തിക്കുന്നതിന് ഇരുപ്പൂട്ടി ഗീവറുഗീസിനെയും സിക്രട്ടറിയായി പ്ലാങ്കൂട്ടത്തിൽ ഗീവറുഗീസു ചാക്കോയെയും നിയമിച്ചിരിക്കുന്നു എന്നും മറ്റും. 1099 ഇടവം 18. പരുമല സിമ്മനാരി.

891. ചേരാവള്ളിൽ യോഹന്നാൻ കത്തനാർക്കു. പള്ളിക്കേസിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

892. ഫാ. കെ. കെ. ഫീലിപ്പോസിനു. സ്കൂൾ സംബന്ധമായ കാര്യങ്ങൾ പുലിത്തിട്ട ശെമ്മാച്ചനെ കാണുമ്പോൾ പറഞ്ഞുകൊള്ളാമെന്നു. ടി തീയതി. ടി സ്ഥലം.

893. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

894. മൈലപ്രാ അബ്രഹാം ശെമ്മാച്ചനു. ശെമ്മാച്ചന്മാരുടെ മാക്കാംകുന്നിലെ പഠിത്തം സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

895. കോനാട്ടു മാക്കീൽ അബ്രഹാം കത്തനാർക്കു. .... സംബന്ധിച്ചു തൽക്കാലം എതിരു നിക്കുന്നില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

896. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. കൊച്ചുപുരയ്ക്കൽ ജോർജിനു സ്കൂളിൽ ഒരു ജോലി കൊടുത്താൽ കൊള്ളാമെന്നും മറ്റും. 1099 ഇടവം 19-നു പരുമല.

897. കൊച്ചുമാമ്മച്ചനു. നിരണത്തു ഇസ്രായേൽ ... മകനു ഒരു ജോലി സ്കൂളിൽ കൊടുത്താൽ കൊള്ളാമെന്നും മറ്റും. ഇടവം 21-നു പരുമല സിമ്മനാരി.

898. തയ്യിൽ കൊച്ചീപ്പച്ചനു. കേസു സംബന്ധിച്ച വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

899. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

900. കെ. വി. അബ്രഹാം വക്കീലിനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

901. വർക്കിപ്പിള്ളയ്ക്കു. ചില പകർപ്പുകൾ അയച്ചുതരണമെന്നും മറ്റും. 1099 ഇടവം 21-നു പരുമല.

902. വർക്കിപ്പിള്ളയ്ക്കു. സമരി റിക്കാട്ടുകൾ മുതലായതു എത്തിച്ചു തരണമെന്നു. ടി തീയതി. ടി സ്ഥലം.

903. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. 1099 ഇടവം 23-നു പരുമല സിമ്മനാരി.

904. പട്ടച്ചേരിൽ അലക്സന്ത്രയോസു കത്തനാർക്കു. സഭ സംബന്ധിച്ച വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

905. പുലിക്കോട്ടിൽ ശെമ്മാച്ചനു. വിവാഹത്തെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

906. സി. റ്റി. ഏലിയാസിനു. വർത്തമാനങ്ങൾക്കു. 1099 ഇടവം 23-നു. പരുമല സിമ്മനാരി.

907. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. വെട്ടിക്കൽ ദയറായെ സംബന്ധിച്ചും മറ്റും. 1099-മാണ്ടു ഇടവം 24-നു. പരുമല സിമ്മനാരി.

908. ചാലിൽ സി. വറുഗീസിനു. വർത്തമാനങ്ങൾക്കും കേസുകളെ സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

909. പയ്യമ്പള്ളിൽ ദാവീദു കത്തനാർക്കു. പുന്നവേലി പള്ളിക്കാര്യം സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

910. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. കേസിന്റെ തീയതി അറിയിക്കണമെന്നും മറ്റും. 1099 ഇടവം 24-നു.

911. പടിഞ്ഞാറേത്തലയ്ക്കൽ അബ്രഹാംകുട്ടിക്കു. സന്ധിയാലോചനാ വിവരങ്ങൾ അറിയിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

912. തയ്യിൽ ഉണ്ണൂണ്ണിക്കു. മദ്രാസിലേക്കു പട്ടക്കാരനെ നിയമിക്കുന്ന കാര്യത്തെക്കുറിച്ചു ടിയാന്റെ ശുപാർശയെ അനുവദിക്കത്തക്കതല്ലെന്നു. 1099 ഇടവം 27. പരുമല.

913. കിഴക്കേത്തലയ്ക്കൽ ഗീവറുഗീസു ശെമ്മാച്ചനു. ടിയാന്റെ അനുജന്റെ ... കാര്യത്തെ സംബന്ധിച്ചും മറ്റും. ... നീരസത്തെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

914. ഐത്തംപള്ളിൽ പാപ്പിക്ക്. കല്ലൂപ്പാറ പള്ളിക്കാര്യത്തെ സംബന്ധിച്ച്. ഇടവം 30-നു.

915. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്ക്. ഇടവം 30-നു.

916. കെ. വി. അബ്രഹാം വക്കീലിനു. വർത്തമാനങ്ങൾക്ക്. ഇടവം 30-നു.

917. പി. കെ. ഇട്ടിമാത്തുവിന്. വർത്തമാനങ്ങൾക്ക്. ഇടവം 30-നു.

918. എം. ഡി. സിമ്മനാരി ഹെഡ്മാസ്റ്റർ വി. ജെ. ഇട്ടിച്ചെറിയയ്ക്ക്. പുതുക്കേരി കൊച്ചുകുഞ്ഞു വൈദ്യന്റെ മകന് അവിടെ ഒരു ജോലി കൊടുത്താൽ കൊള്ളാമെന്നു. ഇടവം 31-നു.

919. മലങ്കര മല്പാൻ കോനാട്ടു മാത്തൻ മല്പാനു. സഭയിൽ സമാധാനം ഉണ്ടാക്കുന്നതിനുള്ള കാര്യങ്ങളെപ്പറ്റി തമ്മിൽ കണ്ടാലോചിക്കുന്നതിനായി ഇത്രടം വന്നുപോകണമെന്ന്. ഇടവം 31-നു.

920. കെ. വി. അബ്രഹാം വക്കീലിന്. വർത്തമാനങ്ങൾക്കും പ്രത്യേകം കേസു സംബന്ധിച്ചു തിരുവനന്തപുരത്തു ചെല്ലണമെന്നു. മിഥുനം 1-നു.

921. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. വർത്തമാനങ്ങൾക്ക്. മിഥുനം 1-നു.

922. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്ക്. മിഥുനം 1-നു.

923. ഫാദർ ഗീവറുഗീസിനു. വർത്തമാനങ്ങൾക്കു. മിഥുനം 1-നു.

924. എൻ. ഐ. പോത്തന്. വർത്തമാനങ്ങൾക്ക്. 99 മിഥുനം 1-ന്.

925. നെടുന്തെള്ളിൽ സ്കറിയാ കത്തനാർക്കു. സമാധാനത്തെ സംബന്ധിച്ചു പ്രവർത്തിച്ചുകൊള്ളണമെന്നു. 1099 മിഥുനം 3-നു പരുമല സിമ്മനാരി.

926. പാലത്തുങ്കൽ ഇത്താപ്പിരിക്കു.

927. മട്ടയ്ക്കൽ മല്പാനു.

928. പടിഞ്ഞാറേതലയ്ക്കൽ അബ്രഹാംകുട്ടിക്കു.

929. ചെമ്പകശേരിൽ ഏലിയാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

930. ഓമല്ലൂർ വി. ജി. വി. സണ്ടേസ്കൂൾ കുട്ടികളായ എം. കെ. ഏബ്രഹാം മുതൽപേർക്കു. അവരുടെ അപേക്ഷയെ സംബന്ധിച്ചു വേണ്ടതു ചെയ്യാമെന്നു.

931. വാഴമുട്ടത്തു താറാച്ചേരിൽ മങ്ങാട്ടു ചാക്കോ ഗീവറുഗീസിനു. ടി പള്ളി സംബന്ധമായ മുതൽകെട്ടു കാര്യത്തെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

932. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കും വാഴ മുട്ടത്തു പള്ളിയിൽ പോയി താൻ കണക്കു കേട്ടു റിപ്പോർട്ടു തരണമെന്നും മറ്റും. 1099-മാണ്ടു മിഥുനം 3-നു. പരുമല സിമ്മനാരി.

933. കൊച്ചുമാമ്മച്ചനു.

934. ചാലക്കുഴിയിൽ ഗീവറുഗീസു ശെമ്മാച്ചനു. സ്കൂളിൽ ശെമ്മാച്ചനെ സ്ഥിരപ്പെടുത്തുന്നതിനെക്കുറിച്ചും മറ്റും. 1099 മിഥുനം 5-നു. പരുമല.

935. തയ്യിൽ ഉണ്ണൂണ്ണിക്കു. മദ്രാസിലെ പട്ടക്കാരനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

936. കിഴക്കേറ്റത്തു കുഞ്ഞപ്പനു.

937. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

938. സി. ജെ. സ്കറിയാ മല്പാനു. ബ്രഹ്മവാറിലെ ... ക്കും വർത്തമാന ങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

939. മാരേട്ടു ഫീലിപ്പോച്ചനു. കുഞ്ഞപ്പിയുടെ കേസിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

940. ... പാപ്പിക്കു. പെങ്ങളുടെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

941. കയ്യ.... കത്തനാരച്ചന്റെ മരണത്തിൽ അനുശോചിച്ചു. 1099 മിഥുനം 5. പരുമല.

944. താനുവേലിൽ കോശി ശെമ്മാച്ചനു.

945. അയിരൂ വടക്കേതിൽ വറുഗീസു വക്കീലിനു. ടിയാന്മാരുടെ പിതാക്ക ന്മാരുടെ മരണത്തിൽ അനുശോചിച്ചു. 1099 മിഥുനം 8-നു. പരുമല സിമ്മനാ രി.

947. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. മല്പാനുമായുള്ള കൂടിക്കാ ഴ്ചയെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

948. ചൊള്ളമ്പേൽ യോഹന്നാൻ കത്തനാർക്കു. മരുമകനെ ... നിയമിക്കു ന്നതു സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

949. കിഴക്കേറ്റത്തു കുഞ്ഞപ്പനു.

950. എറികാട്ടു കുഞ്ചപ്പനു. വർത്തമാനങ്ങൾക്കു. 1099-മാണ്ടു മിഥുനം 11 -നു. പരുമല സിമ്മനാരിയിൽ നിന്നും.

951. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു.

952. തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

953. കിഴക്കേവീട്ടിൽ പത്രോസു കത്തനാർക്കു. റീശീസാ അയയ്ക്കണമെ ന്നു. 1099-മാണ്ടു മിഥുനം 11-നു പരുമല.

954. സ്കൂൾ ഇൻസ്പെക്ടർ ജി. അലക്സാണ്ടർക്ക്. നിരണം ഐ. വറുഗീ സിനു ഒരു സ്ഥലംമാറ്റം കൊടുക്കണമെന്നു. 1099-മാണ്ടു മിഥുനം 12-നു. പരു മല സിമ്മനാരി.

955. കോശേരിൽ കെ. ഐ. തോമ്മാസു കത്തനാർക്കു. ടിയാനെ മദ്രാസ് പള്ളി വികാരിയായി നിയമിച്ചിരിക്കുന്നുവെന്നു. 1099 മിഥുനം 13. പരുമല.

956. ചൊള്ളമ്പേൽ യോഹന്നാൻ കത്തനാർക്കു. മേൽ കല്പനയെ സംബ ന്ധിച്ചു. ടി തീയതി. ടി സ്ഥലം.

957. കെ. വി. അബ്രഹാം വക്കീലിനു. കേസിനെ സംബന്ധിച്ച വർത്തമാന ങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

958. കാവരികണ്ടത്തിൽ അലക്സന്ത്രയോസു കത്തനാർക്കു. ടിയാന്റെ പിതാ വിന്റെ സുഖക്കേടു മുതലായവയെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

959. എറികാട്ടു കുഞ്ചപ്പനു.

960. കിഴക്കേറ്റത്തു കുഞ്ചപ്പനു.

961. തേരകത്തു ചെറിയാൻകുഞ്ഞിനു.

962. ചെറുവത്തൂർ മാത്തു ഉതുപ്പിനു.

963. പി. ജി. കോശി കത്തനാർക്കു.

964. വട്ടക്കുന്നേൽ ചെറിയാൻ അബ്രഹാമിനു. വർത്തമാനങ്ങൾക്കും മറ്റും. 1099-മാണ്ടു മിഥുനം 17-നു. പരുമല സിമ്മനാരി.

965. ജെ. പൗലൂസിനു. മല്പാനുമായുള്ള കൂടിക്കാഴ്ചയെ സംബന്ധിച്ചു. 1099 മിഥുനം 17-നു പരുമല.

966. പാലപ്പള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

967. ഉപ്പൂട്ടിൽ യാക്കോബ് കത്തനാർക്കു. ഏലിയാ ചാപ്പലിലെ കാണിക്ക പിരിവിനെ സംബന്ധിച്ചും മറ്റും. 1099 മിഥുനം 19-നു. പരുമല.

968. വട്ടക്കുന്നേൽ കുര്യൻ വക്കീലിനു. ടി സംഗതിയെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

969. കെ. വി. അബ്രഹാം വക്കീലിനു. കേസിനെ സംബന്ധിച്ച വർത്തമാന ങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

970. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

971. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു.

972. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

973. ജി. അലക്സാണ്ടർ. ആനപ്രാമ്പാൽ തെക്കു സെന്റ് ജോർജ് ട്രെയി നിംഗ് സ്കൂളിന്റെ ഗ്രാന്റു അനുവദിച്ചു കൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

974. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. 1099 മിഥുനം 21. പരുമല സിമ്മനാരി.

975. ജെ. പൗലൂസിനു.

976. സി. പി. മാത്തനു. മല്പാനുമായുള്ള കൂടിക്കാഴ്ചയെ സംബന്ധിച്ചു. 1099 മിഥുനം 22. പരുമല സിമ്മനാരി.

977. തേരകത്തു ചെറിയാൻകുഞ്ഞിനു.

978. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു.

979. പീടികയിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. യൂലി യോസിന്റെ സഞ്ചാരം, പുത്തൻപീടിക പള്ളി നടത്തിപ്പു മുതലായവയെ സംബ ന്ധിച്ചും മറ്റും. 1099 മിഥുനം 22. പരുമല.

980. ചീരാമ്യാലിൽ ഗീവറുഗീസ് കത്തനാർക്കു.

981. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു.

982. എറികാട്ടു കൊച്ചു കുഞ്ചപ്പനു.

983. തേരകത്തു ചെറിയാൻകുഞ്ഞിനു.

984. കെ. വി. അബ്രഹാം വക്കീലിനു.

985. കൊച്ചുമെത്രാച്ചനു.

986. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു.

987. പാലപ്പള്ളിലച്ചനു.

988. പീലക്സിനോസ് മെത്രാച്ചനു.

989. പുലിക്കോട്ടിൽ ശെമ്മാച്ചനു. കോട്ടയം സിമ്മനാരി സമരിക്കേസ് കീഴ് കോടതിയിലേക്കു റിമാന്റു ചെയ്തുയെന്നും മറ്റും. 1099-മാണ്ടു മിഥുനം 23. പരുമല സിമ്മനാരി.

990. തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാർക്കു.

991. ജോൺ വക്കീലിനു.

992. ഇ. ജെ. ഫീലിപ്പോസ് വക്കീലിനു.

993. കെ. വി. അബ്രഹാം വക്കീലിനു. സമരിക്കേസു സംബന്ധിച്ച വർത്ത മാനങ്ങൾക്കു. 1099-മാണ്ടു മിഥുനം 24-നു. പരുമല സിമ്മനാരി.

994. കൊടുമൺ പള്ളിക്കാർക്കു.

995. ... തോമ്മാസു കത്തനാർക്കു.

996. വടുതല ഈശോ കത്തനാർക്കു. കൊടുമൺ പള്ളിക്കു ടി തോമ്മാ കത്തനാരെ വികാരിയായി നിയമിച്ചിരിക്കുന്നുയെന്നു. ടി തീയതി. ടി സ്ഥലം.

(തുടരും)

ലേഖനം

പുനരുത്ഥാനത്തിന്റെ പുതുക്കത്തിലേക്ക്

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്



ഉയിർപ്പുകാലം

ഉയിർപ്പു ഞായറാഴ്ച മുതൽ പെന്തിക്കോസ്തി ഞായറാഴ്ച വരെയുള്ള സഭയുടെ ആരാധനാകാലത്തെ 'ഉയിർപ്പുകാലം' (കൃംതാ കാലം) എന്നു വിളിക്കുന്നു. ഏഴ് ആഴ്ചകൾ ഉള്ള ഈ കാലം ആരാധനാവർഷത്തിൽ നാലാമത്തേതാണ്. വലിയനോമ്പുകാലം നോമ്പു നോറ്റും ഉപവസിച്ചും പ്രാർത്ഥിച്ചും അനുതാപത്തിന്റെ കണ്ണുനീർകൊണ്ട് ജീവിതം ശുദ്ധീകരിച്ചും ദൈവസന്നിധിയിലേക്ക് തിരികെ വരുന്നതിനുള്ള സന്ദർഭമായിരുന്നു; പാപത്തെയും പിശാചിനെയും ജയിക്കുന്നതിന് ആത്മതപനം ചെയ്ത് സാഷ്ടാംഗം പ്രണമിച്ച് ദൈവത്തോട് കൃപ യാചിക്കുന്നതിനുള്ള കാലമായിരുന്നു. എന്നാൽ ഉയിർപ്പുപെരുന്നാൾ മുതലുള്ള അമ്പതുദിനങ്ങൾ പാപത്തെയും പിശാചിനേയും ജയിച്ച് പോരാട്ടം തികച്ച സന്തോഷത്തിന്റെ ദിനങ്ങൾ അത്രെ. ആയതിനാൽ ഈ ദിവസങ്ങളിൽ അനുതാപത്തിന്റെ കുമ്പിടീൽ ആവശ്യമില്ല എന്ന് സഭ നിശ്ചയിച്ചിരിക്കുന്നു. ഉയിർപ്പുകാലത്ത് കുമ്പിടീൽ പാടില്ല എന്ന് നിഖ്യാ സുന്നഹദോസിന്റെ (എ.ഡി. 325) നിശ്ചയങ്ങളിലാണ് (20-ാം കാനോൻ) ആദ്യമായി കാണാൻ കഴിയുക. എന്നാൽ ഈ നിയമം പുതുതല്ല. രണ്ടാം നൂറ്റാണ്ടു മുതൽക്കേ നിലവിലുണ്ടായിരുന്ന പാരമ്പര്യം ആദ്യത്തെ സാർവ്വത്രിക സുന്നഹദോസ് ഊന്നിപ്പറയുന്നു എന്നു മാത്രം.

വെണ്മയുടെ ആഴ്ച

ഉയിർപ്പുപെരുന്നാളിനുശേഷമുള്ള ഒരാഴ്ചയെ 'വെണ്മയുടെ ആഴ്ച' (ഹേവോറോ ആഴ്ച) എന്നു വിളിക്കുന്നു. 'ഹേവോറോ' എന്ന സുറിയാനി പദത്തിന് 'വെണ്മ', 'ധവളിമ' എന്നാണർത്ഥം. വെണ്മയുടെ ധവളിമ അല്ലെങ്കിൽ വിശുദ്ധിയുടെ പ്രകാശം എന്നിങ്ങനെ ഈ പദത്തെ വിവരിച്ചു പറയാം. ഉയിർപ്പു ഞായറാഴ്ച മുതൽ പുതുഞായറാഴ്ച വരെയുള്ള എട്ടു ദിവസങ്ങൾ ഉയിർപ്പുദിനങ്ങളായി ആദിമസഭ ആചരിച്ചു വന്നിരുന്നു. പെസഹാപ്പെരുന്നാളിനോടു ചേർന്നുള്ള പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ഒരാഴ്ച ആചരിച്ചു വന്നിരുന്നു എന്നത് ഈ ആചരണത്തിന് പശ്ചാത്തലമായി കാണാം. മാത്രമല്ല യോഹന്നാന്റെ സുവിശേഷത്തിൽ ഉയിർപ്പുദിവസവും പിന്നീട് എട്ടാം ദിവസവും ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടത്, എട്ടു ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ഉയിർപ്പു പെരുന്നാൾ ആചരണത്തിന് അടിസ്ഥാനമായി കാണാവുന്നതാണ്.

ആദിമസഭയിൽ പുനരുത്ഥാനപ്പെരുന്നാൾ ദിവസം പുതുതായി സഭയിൽ ചേരുന്നവർക്ക് മാമോദീസാ നൽകിയിരുന്നു. സ്നാനം ഏറ്റശേഷം അവരെ വിശുദ്ധിയുടെ വെണ്മയുടെ ശുഭ്രവസ്ത്രം ധരിപ്പിച്ചിരുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ തേജസ്സിൽ മാമോദീസായിലൂടെ പങ്കാളികളാവുന്നു എന്നതിന്റെ സൂചനയാണിത്. ഈ ശുഭ്രവസ്ത്രം അവർ ഒരാഴ്ച ധരിക്കുന്ന പതിവാണുണ്ടായിരുന്നത്. ഈ ദിനത്തിൽ അവർക്ക് സഭയുടെ വിശുദ്ധ കൂദാശകളുടെ പൊരുൾ വ്യാഖ്യാനിച്ചു കൊടുക്കുന്നതിനുള്ള ക്രമീകരണം സഭയിലുണ്ടായിരുന്നു. നാലാം നൂറ്റാണ്ടിൽ സഭയിൽ ഇങ്ങനെ സഭയുടെ വി. കൂദാശകളെ സംബന്ധിച്ച പ്രഭാഷണങ്ങൾ നടത്തിയിരുന്ന പിതാവാണ് യറുശലേമിലെ വി. കൂറിലോസ് (എ.ഡി. 351-398).

പുതുഞായറാഴ്ച

പുനരുത്ഥാനം ചെയ്ത കർത്താവിനെ കലാകാരൻ ചിത്രീകരിക്കുന്നത് തേജോരൂപിയായിട്ടാണ്. പുനരുത്ഥാനത്തിന്റെ പ്രകാശം കർത്താവിനെ വലയം ചെയ്തിരുന്നു. പുനരുത്ഥാനത്തിന്റെ വെണ്മയും പ്രകാശവും എടുത്തുകാട്ടാൻ കലാകാരൻ തൂവൽ കറുത്ത ചായത്തിൽ മുക്കി ചിത്രത്തിന് ഇരുണ്ട പശ്ചാത്തലം കൊടുക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിന്റെയും സാഹചര്യങ്ങളിൽ കർത്താവിന്റെ ഉയിർപ്പിന്റെ പ്രകാശത്തിന് പ്രാധാന്യം ഏറെയുണ്ട്. പാപത്തിൽ നിന്ന് വീണ്ടെടുപ്പിലേക്കും, അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കും, മരണത്തിൽനിന്ന് ജീവനിലേക്കും, ദാസ്യത്തിൽനിന്ന്



സ്വാതന്ത്ര്യത്തിലേക്കും, നിരാശയിൽനിന്ന് പ്രത്യാശയിലേക്കും, പഴക്കത്തിൽ നിന്ന് പുതുക്കത്തിലേക്കുമുള്ള മനുഷ്യരാശിയുടെയും പ്രപഞ്ചത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന് നാന്ദിയും നിമിത്തവുമാണ് കർത്താവിന്റെ പുനരുത്ഥാനം.

കർത്താവിന്റെ ഉയിർപ്പു കഴിഞ്ഞ് വരുന്ന ഞായറാഴ്ചയെ 'പുതുഞായറാഴ്ച' എന്നു വിളിക്കുന്നു. ആദ്യം (പുതുതായി) വരുന്നത് എന്ന അർത്ഥത്തിലാവാം അതിന് പുതുഞായറാഴ്ച എന്ന പേരു ലഭിച്ചത്. എന്നാൽ കുറേക്കൂടി ആഴമായ അർത്ഥം ഇതിനുണ്ട്. മനുഷ്യനും പ്രപഞ്ചത്തിനും നൽകുന്ന പുതുക്കം എന്ന ആശയം ഇവിടെ മുന്തിനിൽക്കുന്നു. കർത്താവിന്റെ പുനരുത്ഥാനം പാപത്താൽ കറപിടിച്ച് പഴകി ജീർണ്ണപ്രായമായ സൃഷ്ടിക്ക് പുനരുത്ഥാനത്തിന്റെ തേജസ്സു നൽകി പുതിയ സൃഷ്ടിയാക്കിത്തീർത്തു. നിരാശനിറഞ്ഞ ശിഷ്യന്മാരുടെ ഹൃദയത്തിൽ പ്രത്യാശയുടെ പുതുവെളിച്ചം തെളിഞ്ഞു. പുനരുത്ഥാന ദിവസവും എട്ടുനാൾ കഴിഞ്ഞും ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്ന സന്ദർഭങ്ങളിൽ "നിങ്ങൾക്ക് സമാധാനം" എന്നു കർത്താവു പറയുമ്പോൾ ആ വചനത്തിന് ഒരു പുതിയ അർത്ഥവും പ്രസക്തിയും നാം കണ്ടെത്തുന്നു.

ഭൂമുഖത്തെ പുതുക്കുന്ന പുതുദിനം

ആഴ്ചവട്ടത്തിന്റെ ആദ്യദിനമാണ് ഞായറാഴ്ച. അന്നാണ് കർത്താവ് പുനരുത്ഥാനം ചെയ്തത്. ആഴ്ചവട്ടത്തിൽ ഏഴാം ദിനമായ ശാബത് ആണ് പഴയനിയമസഭയുടെ ആരാധനാദിനം. അന്ന് ദൈവം സൃഷ്ടികർമ്മം തികച്ച്

വിശ്രമിച്ച ദിവസമായിരുന്നു. എന്നാൽ കർത്താവ് ആരംഭിച്ച പുതിയ സഭയ്ക്ക് ഒരു പുതിയ ആരാധനയുടെ ക്രമം ഉണ്ടായി. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കർത്താവ് പുനരുത്ഥാനം ചെയ്ത് തന്നിലൂടെ സമസ്ത സൃഷ്ടിയേയും പുതുക്കി പുതുസൃഷ്ടിയാക്കിത്തീർത്തു. അതുകൊണ്ട് അന്ന് പുതിയനിയമ സഭയുടെ പ്രധാന ആരാധനാദിനമായി പരിണമിച്ചു.

പുനരുത്ഥാനം കഴിഞ്ഞ് എട്ടാംനാൾ കർത്താവ് വീണ്ടും ശിഷ്യന്മാർക്ക് പ്രത്യക്ഷനാവുന്നു (യോഹ. 20:26). ഈ എട്ടാംനാൾ ആഴ്ചവട്ടത്തിൽ ഒന്നാം ദിനം തന്നെയാണ്. എന്നാൽ എട്ടാംനാൾ (എട്ടു ദിവസം കഴിഞ്ഞ്) ശിഷ്യർക്ക് വീണ്ടും പ്രത്യക്ഷപ്പെട്ടു എന്നു പറയുന്നതിന് വിപുലമായൊരർത്ഥം സഭ നൽകുന്നുണ്ട്. അത് താഴെ പറയുംവിധം വിവരിക്കാം. ഏഴ് ദിവസങ്ങൾ ഉള്ള ആഴ്ചവട്ടം കാലഗണനയുടെ ഒരു മാനം (അളവ്) ആണ്. കാലവും കാലഗണനയും ഈ ലോകത്ത് മാത്രമേ പ്രസക്തമാവുന്നുള്ളു. 'എട്ടാംനാൾ' ഇഹലോക കാലത്തിന്റെ പരിധിക്ക് അപ്പുറത്തേക്ക് പോവുന്നതാണ്; പരലോകകാലത്തെ സൂചിപ്പിക്കുന്നതാണ്; നിത്യതയാണ്; രാപകലുകളും ഉഷസ്സന്ധ്യകളുമില്ലാതെ നിത്യസൂര്യശോഭയുടെ പുതുയുഗമാണ്. പുതുഞായറാഴ്ചയാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു എട്ടാംനാൾ വീണ്ടും ശിഷ്യർക്ക് പ്രത്യക്ഷനായി എന്നു പറയുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ മഹത്വപ്രത്യക്ഷതയിലേക്ക് വിരൽ ചൂണ്ടുന്നതായി ആ സംഭവത്തെ സഭ കാണിക്കുന്നു. ഈ ആശയം വളരെ സുന്ദരമായി പുതുഞായറാഴ്ചയുടെ പ്രാർത്ഥനയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക: "അപ്പോൾ ഇഹത്തിലെ ഏഴെന്നുള്ളത് നീങ്ങിപ്പോകും. ആയത് എട്ടെന്നുള്ള പുതിയ ദിവസമാകും. അത് രാവും പകലുമെന്നില്ലാത്തതും സന്ധ്യയും ഉഷസ്സും ചേരാത്തതുമായ ആദ്യത്തേതും അവസാനത്തേതുമായ ഏക ദിവസമായിരിക്കും. അന്ന് മറ്റൊരു നിത്യസൂര്യശോഭയുണ്ടായിരിക്കും. ... പാപവിനാശകരമായ പുതുക്കത്താൽ മരണം എന്നേക്കുമായി നശിക്കുന്ന ആദ്യവും അന്ത്യവുമായ ദിവസത്തിൽ നിന്റെ വിശുദ്ധന്മാരുടെ ഭാഗ്യകരമായ പുതുക്കത്തിന് ഞങ്ങളെ യോഗ്യരാക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ... ഞങ്ങളും മുമ്പെ തന്നെ ശരീരം വിട്ടുപോയ ഞങ്ങളുടെ മാതാപിതാക്കന്മാരും സഹോദരീ സഹോദരന്മാരും ഗുരുക്കന്മാരും പുതിയവരായി എഴുന്നേറ്റ് നീ ഭൂമുഖത്തെ പുതുക്കുന്ന നവനാളിൽ നിനക്കും നീ മൂലം നിന്നോടു കൂടി നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും പുതിയ സ്തുതി പാടുവാൻ ഞങ്ങൾ യോഗ്യരാകേണമേ." അങ്ങനെ പുതുഞായറാഴ്ച പ്രകൃതാർത്ഥത്തിൽ ഉയിർപ്പു കഴിഞ്ഞു വരുന്ന പുതിയ (ആദ്യ) ഞായറാഴ്ചയാണ്. വിശേഷാർത്ഥത്തിൽ പുതുഞായറാഴ്ച കർത്താവ് ശിഷ്യർക്ക് വീണ്ടും പ്രത്യക്ഷപ്പെടുന്നതുകൊണ്ട് അത് കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ സൂചനയും സകല മാനവജാതിയും കർത്താവിന്റെ പുനരുത്ഥാനത്തിന്റെ പുതുക്കത്തിൽ പങ്കാളികളായി തേജസ്സു ധരിച്ച് പുനരുത്ഥാനം ചെയ്യും എന്നതിന്റെ അച്ചാരവുമാണ്.

കർത്തൃദിവസം

മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആഴ്ചവട്ടത്തിന്റ 'ഒന്നാംനാൾ' അല്ലെങ്കിൽ സാധാരണ വ്യവഹാരകാലഗണനയിൽപെട്ട ആഴ്ചയുടെ ഒന്നാം നാൾ നിത്യതയുടെ ഗണത്തിൽ വരുന്ന എട്ടാം നാളിന്റെ പ്രസക്തി ഉൾക്കൊള്ളുകയാണ്. എല്ലാ ഞായറാഴ്ചയും പുനരുത്ഥാനപ്പെരുന്നാൾ ആണ്. ചരിത്രത്തിൽ സംഭവിച്ചു കഴിഞ്ഞ കർത്താവിന്റെ പുനരുത്ഥാനം നാം അനുസ്മരിക്കുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ വരവിൽ സകല മനുഷ്യർക്കും ഉണ്ടാകാനുള്ള വലിയ പുനരുത്ഥാനത്തിന്റെ പ്രത്യാശ നാം പുതുക്കുക കൂടി ചെയ്യുന്നു. ഈ മഹത്തായ ആശയം ഞായറാഴ്ചയ്ക്ക് 'കർത്തൃദിവസം' എന്ന പേരു ലഭിച്ചതിൽ നിന്നും മനസ്സിലാക്കാം. പഴയ നിയമത്തിൽ 'കർത്താവിന്റെ ദിവസം' (Day of the Lord-Yahweh) അന്ത്യന്യായവിധിയുടെ ദിവസമാണ് (യെശ. 2:12; ആമോസ് 5:18; മലാഖി 4:5).

പുതിയനിയമത്തിൽ കർത്താവായ യേശുവിന്റെ രണ്ടാമത്തെ പ്രത്യക്ഷതയുടെ നാൾ ആണ് 'കർത്താവിന്റെ ദിവസം' (1 കൊരി. 5:5, 2 കൊരി. 1:14, 1 തെസ്സ. 5:2, 2 പത്രോ. 3:10). എന്നാൽ വെളിപാടു പുസ്തകം 1:10–ൽ 'കർത്തൃദിവസം' (The Lord's Day) എന്ന് ഉപയോഗിച്ചിരിക്കുന്നത് ഞായറാഴ്ചയെ ഉദ്ദേശിച്ചാണെന്ന് സന്ദർഭം കൊണ്ട് മനസ്സിലാക്കാം. മാത്രമല്ല ഒന്നാം നൂറ്റാണ്ടിൽ തന്നെ രൂപംകൊണ്ട 'ഡിഡാക്കെ' എന്ന പുരാതന ക്രിസ്തീയ ഗ്രന്ഥത്തിൽ (14–ാം ഖണ്ഡിക) ഞായറാഴ്ചയ്ക്ക് കർത്തൃദിനം എന്നു പേരു നൽകിയിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ജീവിച്ചിരുന്ന അന്ത്യോഖ്യയിലെ വി. ഇഗ്നാത്തിയോസും (മഗ്നീഷ്യർക്കെഴുതിയ ലേഖനം 9) ഞായറാഴ്ചയെ കർത്തൃദിനം എന്നു വിളിച്ചിരിക്കുന്നു.

ചുരുക്കത്തിൽ ഞായറാഴ്ച (കർത്താവിന്റെ ദിവസം) ഒരേ സമയം കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ഓർമ്മയും കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭവിപ്പാനുള്ള വലിയ പുനരുത്ഥാനത്തിന്റെ പ്രത്യാശയും പുതുക്കുന്ന ദിനമാകുന്നു. ഓരോ ഞായറാഴ്ചയും കർത്തൃമേശയ്ക്ക് ചുറ്റും വന്നു നിന്ന് വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ കർത്താവിന്റെ മരണവും പുനരുത്ഥാനവും മാത്രമല്ല രണ്ടാമത്തെ വരവും നാം ഓർക്കുന്നു. "ഞങ്ങളുടെ കർത്താവേ! നിന്റെ മരണത്തെ ഞങ്ങൾ ഓർക്കയും നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കിപാർക്കയും ചെയ്യുന്നു. നിന്റെ ആനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെമേലും ഉണ്ടായിരിക്കേണമേ."

❑



Palm Sunday (Hosanna) Service by Geevarghese Mar Philoxenos Metropolitan at Broadway St. Thomas Cathedral.



ഓർത്തഡോക്സ് വൈദിക സെമിനാരി "ദീപ്തി" വാർഷികപ്പതിപ്പ് പ്രസ്ക്ലബ് സ്കൂൾ ഓഫ് ജേർണലിസം ഡയറക്ടറും നോവലിസ്റ്റുമായ തേക്കിൻകാട് ജോസഫ് പ്രകാശനം ചെയ്തു. പഴയസെമിനാരിയിൽ നടന്ന സമ്മേളനത്തിൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. സഖറിയാസ് മാർ സേവേറിയോസ് അനുഗ്രഹ പ്രഭാഷണം നടത്തി. എഡിറ്റർ മാമ്മൻ ജോസഫ് പുതുശ്ശേരി നന്ദി പ്രകാശിപ്പിച്ചു.

Fr. Anish John has successfully defended his Doctoral Thesis, titled "Orientation Towards Mystery: An Exploration into The Theological Anthropology of Karl Rahner in Dialogue with Paulos Gregorios" at St. Patrick's College, Maynooth, Ireland.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാപിതാക്കന്മാർ



അന്ത്യോഖ്യായിലെ മാർ സേവേറിയോസ്

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

“സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധ സഭ മുഴുവന്റേയും വിവേകമുള്ള വായും തൂണും മല്പാനും പുഷ്പങ്ങൾ കൊണ്ടു നിറഞ്ഞ മേച്ചിൽ സ്ഥലവും സംശയം കൂടാതെ മറിയാം ദൈവമാതാവെന്നു എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാത്രിയർക്കീസ് മാർ സേവേറിയോസ്” എന്നാണ് ഈ പിതാവിനെക്കുറിച്ച് വി. കുർബ്ബാനയുടെ അഞ്ചാം തുബ്ദേനിൽ വിശേഷിപ്പിച്ചിരിക്കുന്നത്.

ജനനവും ബാല്യകാലവും


ഏഷ്യാമൈനറിൽ പിസിദ്യാ എന്ന പട്ടണത്തിലെ സോസോപ്പോലീസ് എന്ന നഗരത്തിൽ കുലീനവും സമ്പന്നവുമായ ഒരു കുടുംബത്തിൽ ഏ.ഡി. 465 –നും 470 –നും ഇടയ്ക്ക് സേവേറിയോസ് ഭൂജാതനായി. 431 –ലെ ഏഫേസൂസ് സുന്നഹദോസിൽ പങ്കെടുത്തിരുന്ന സോസോപ്പോലീസിലെ മെത്രാപ്പോലീത്താ ആയിരുന്ന മാർ സേവേറിയോസ് ഇദ്ദേഹത്തിന്റെ പിതാമഹനായിരുന്നു. കപ്പദോക്യൻ പിതാക്കന്മാരെപ്പോലെ വളരെ ഉയർന്ന കുടുംബത്തിൽ ജനിച്ചതുകൊണ്ട് ഉന്നതമായ വിദ്യാഭ്യാസം നടത്തുവാൻ ഇദ്ദേഹത്തിന് കഴിഞ്ഞു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഗ്രീക്കുഭാഷയും സംസ്കാരവും പഠിക്കുന്നതിനുവേണ്ടി ഇദ്ദേഹം അലക്സാന്ത്രിയായിലേക്ക് പോവുകയും അതിനുശേഷം റോമാ നിയമസംഹിതയും തത്വജ്ഞാനവും പഠിക്കുന്നതിനുവേണ്ടി ബേറൂട്ടിലുള്ള റോമൻ കലാലയത്തിൽ ചേർന്നു പഠനം നടത്തുകയും ചെയ്തു. പഠനത്തിനുശേഷം കുറച്ചുകാലം ഇദ്ദേഹം ബേറൂട്ടിൽ അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സന്യാസ ജീവിതം

സേവേറിയോസ് തന്റെ ജോലികാര്യങ്ങളിൽ വ്യാപൃതനായിരിക്കുമ്പോഴും തന്റെ അന്തരാത്മാവ് ദിവ്യകരങ്ങളിൽ നിമഗ്നവും സുകൃതങ്ങളിൽ ആകൃഷ്ടവുമായിരുന്നു. ‘ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ (വി. മത്താ. 16:24) എന്ന വേദവാക്യത്തിൽ ആകൃഷ്ടനായ അദ്ദേഹം യേശുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുകയും ഉടനെതന്നെ യെറുശലേമിലേക്കു വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി പോകുകയും ചെയ്തു. തന്റെ വസ്തുവകകൾ വിറ്റു ദരിദ്രർക്കു കൊടുക്കുവാനും തന്റെ അടിമകളെ സ്വന്തദേശത്തേക്കു സ്വതന്ത്രരായി വിടുവാനും ആവശ്യപ്പെട്ടുക്കൊണ്ടു അദ്ദേഹം യെറുശലേമിൽ നിന്ന് ബേറൂട്ടിലെ വിദ്യാലയത്തിലുള്ള തന്റെ സ്നേഹിതന് എഴുതി ഏർപ്പാടാക്കി. ലൗകിക ജോലി വെടിഞ്ഞു സന്യാസജീവിതം തെരഞ്ഞെടുത്ത അദ്ദേഹം പിന്നീട് ഗസ്സായ്ക്കു സമീപമുള്ള മാർ തേവോദോറോസിന്റെ ദയറായിലേക്കു വരുകയും അവിടെ ദയറാക്കാരോടു ചേർന്നു വസിക്കുകയും രാത്രി മുഴുവനും വേദപഠനത്തിലും പിതാക്കന്മാരുടെ ഗ്രന്ഥപാരായണത്തിലും ചെലവഴിക്കുകയും ചെയ്തു. ഇങ്ങനെ ദിവസങ്ങൾ പിന്നിട്ടശേഷം ശാന്തതയിലും ഏകാന്തതയിലുമുള്ള ജീവിതം അദ്ദേഹത്തിനു കൂടുതൽ പ്രിയംകരമായി തോന്നിയതുകൊണ്ട് ദൈവിക നൽവരങ്ങൾ പ്രാപിച്ചു വിരാജിച്ചിട്ടുള്ള ശ്രേഷ്ഠ സന്യാസിമാരെ അനുകരിച്ചുകൊണ്ട് ഏകാന്ത സന്യാസവൃത്തി (ഈഹിദോയോ സന്യാസി) യെ സ്വാഗതം ചെയ്യുകയും വനാന്തരങ്ങളിലേക്കു പോകുകയും ചെയ്തു.

കൽക്കദൂന്യാ വിശ്വാസത്തിനെതിരാകുന്നു

വനത്തിൽ വച്ചുള്ള കഠിനമായ വ്രതാനുഷ്ഠാനങ്ങളുടെ ഫലമായി തന്റെ ശരീരം ശോഷിക്കുകയും രോഗബാധിതനായി തീരുകയും ചെയ്തു. ഈ വിവരം അറിഞ്ഞ ദയറാധിപൻ അദ്ദേഹത്തെ ദയറായിലേക്കു തിരിച്ചുകൊണ്ടുവന്നു



സൗഖ്യം ലഭിക്കുന്നതുവരെ അവിടെ താമസിപ്പിച്ചു. സൗഖ്യപ്രാപ്തിക്കുശേഷം ഗസ്സായ്ക്കടുത്തുള്ള ഇബേറിയാക്കാരനായ പത്രോസിന്റെ ആശ്രമത്തിൽ താമസിച്ചുകൊണ്ട് വേദപുസ്തക വിജ്ഞാനപാരാവാരത്തിന്റെ അടിത്തട്ടിലേയ്ക്ക് അദ്ദേഹം ഇറങ്ങി. പത്രോസ് കൽക്കദൂന്യാ വിശ്വാസത്തെ ശക്തമായി എതിർക്കുന്ന പിതാവായിരുന്നതിനാൽ അദ്ദേഹത്തിന്റെ സ്വാധീനം സേവേറിയോസിനെയും ആ വഴിയിലേക്കു തന്നെ തിരിച്ചു. വേദപുസ്തകത്തെ ഭംഗിയായി വ്യാഖ്യാനിച്ചുകൊണ്ട് സത്യവിശ്വാസം മുറുകെ പിടിക്കുവാനും പ്രചരിപ്പിക്കാനുമുള്ള കഴിവും ജ്ഞാനവും ദിഗന്തങ്ങളിൽ പ്രകീർത്തിതമാകുകയും തൻമൂലം അനേകം എപ്പിസ്കോപ്പന്മാരും ദയറാക്കാരും അദ്ദേഹത്തിന്റെ വിജ്ഞാന ഉറവയിൽ നിന്നു ദാഹം ശമിപ്പിക്കുകയും വിഷമപ്രശ്നങ്ങൾക്കു പരിഹാരം നേടുകയും ചെയ്തു.

സത്യവിശ്വാസ സമർത്ഥകനും സംരക്ഷകനും

അധികം താമസിയാതെ തന്നെ സേവേറിയോസ് ദയറായുടെ അധിപനായി നിയമിക്കപ്പെട്ടു. റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തി ആയിരുന്ന അനസ്താസിയൂസ് ഏ. ഡി. 499 ൽ ദേശമെങ്ങുമുള്ള എപ്പിസ്കോപ്പന്മാരുടെ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. ദയറാധിപൻ എന്ന നിലയിൽ സേവേറിയോസിനും ക്ഷണം ലഭിച്ചു. 200 ദയറാക്കാരുമൊന്നിച്ചു സുന്നഹദോസിൽ സന്നിഹിതനായ അദ്ദേഹം വൈരാഗിയായ ഒരു ഭടനെപ്പോലെ സുന്നഹദോസ് മദ്ധ്യത്തിൽ സകല വേദവിപരീതങ്ങളെയും പ്രത്യേകിച്ച് നെസ്തോറിയസിന്റെയും കൽക്കദൂന്യരുടെയും ഇരുസ്വഭാവവാദത്തേയും പിഴുതെറിയുകയും ക്രിസ്തുവിന്റെ ഏക സ്വഭാവം, ഏക ക്നൂമാ ഇവകളെ അനേകം തെളിവുകളുപയോഗിച്ച് ഉറപ്പിക്കുകയും ചെയ്തു. മാബൂഗിലെ മാർ പീലക്സിനോസു പിതാവും ഈ സുന്നഹദോസിൽ സേവേറിയോസിന്റെ പക്ഷത്തുണ്ടായിരുന്നു. പ്രസ്തുത സുന്നഹദോസ് റോമിലെ ലിയോ പാപ്പായേയും കൽക്കദൂന്യാ സുന്നഹദോസിനെയും ശാപഗ്രസ്തം എന്നു എണ്ണി. അന്ത്യോഖ്യായിലെ പാത്രിയർക്കീസായിരുന്ന ഫ്ളാവിയാനോസും ഈ സുന്നഹദോസിൽ സംബന്ധിച്ചിരുന്നു.

ആക്കാലത്തു കുസ്തന്തീനോസ്പോലിസിലെ പാത്രിയർക്കീസായിരുന്ന മക്കദോനിയൂസ് ഒരു പുസ്തകം രചിച്ചു. അദ്ദേഹത്തിന്റെ ഉദ്ദേശ്യം ക്രിസ്തുവിൽ

ഏക ഐക്യസ്വഭാവം എന്നു ശക്തിയായി വാദിച്ചു സത്യവിശ്വാസം ഉറപ്പിച്ച അലക്സാന്ത്രിയായിലെ വി. കൂറിലോസ് പിതാവ് ഇരു സ്വഭാവവാദത്തെ ആദരിച്ചിരുന്നു എന്നു തെളിയിക്കുക എന്നതായിരുന്നു. അതിനുവേണ്ടി അദ്ദേഹം വി. കൂറിലോസിന്റെ ഗ്രന്ഥങ്ങളിലെ ചില ഉദ്ധരണികൾ അടർത്തി എടുത്തു വായനക്കാരെ തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ തന്റെ പുസ്തകത്തിൽ ചേർത്തു. ഈ പുസ്തകത്തെ മാർ സേവേറിയോസ് സുന്നഹദോസിൽ വച്ച് വിവിധങ്ങളായ തെളിവുകൾ നൽകി ഖണ്ഡിക്കുകയും തുടർന്നു ഈ പുസ്തകത്തിനു പ്രതികരണമായി തന്നെ 'ഫിലാലത്തിസ്' അഥവാ 'സത്യസ്നേഹി' എന്ന പേരിൽ ഒരു പുസ്തകം രചിക്കുകയും ചെയ്തു. മക്കദൂനിയൂസിന്റെ വേദവിപരീതം മനസ്സിലാക്കിയ രാജാവ് അദ്ദേഹത്തെ പിന്നീട് നാടുകടത്തി.

അന്ത്യോഖ്യായിലെ പാത്രിയർക്കീസാകുന്നു

അന്ത്യോഖ്യായിലെ പാത്രിയർക്കീസായിരുന്ന ഫ്ളാവിയാനോസ് 499-ൽ കുസ്തന്തീനോസ്പോലിസിൽ വിളിച്ചുകൂട്ടിയ സുന്നഹദോസിൽ സംബന്ധിച്ചു എങ്കിലും പിന്നീട് താൻ ഒരു കൽക്കദൂന്യാ അനുകൂലിയാണെന്നു വെളിപ്പെടുത്തി. മാർ പത്രോസിന്റെ ആശ്രമത്തിലെ നെഫാലിയൂസ് എന്ന സന്യാസി പത്രോസുമായി പിണങ്ങിയതിനാൽ ആശ്രമം വിട്ടു കൽക്കദൂന്യ അനുകൂലികളോട് ചേരുകയും കൽക്കദൂന്യാ സുന്നഹദോസിനെ അനുകൂലിച്ചുകൊണ്ട് ഒരു പുസ്തകം രചിക്കുകയും ചെയ്തു. സേവേറിയോസ് ഇതിനെതിരെ ശക്തമായി പ്രതികരിച്ചു. നെഫാലിയോസിന്റെ ഗ്രന്ഥത്തിനു മറുപടിയായി ഒരു പുസ്തകം എഴുതി. കൂടാതെ 508-ൽ ഏകദേശം 300 സന്യാസിമാരുടെ അകമ്പടിയോടെ കുസ്തന്തീനോസ്പോലിസിൽ പോയി ചക്രവർത്തിയെ വിവരം അറിയിച്ചു.


ഫ്ളാവിയാനോസിന്റെ നടപടികൾക്കെതിരായി മാബൂഗിലെ മാർ പീലക്സിനോസും ശക്തമായി രംഗത്തുണ്ടായിരുന്നു. പീലക്സിനോസിന്റെയും കൂട്ടരുടെയും ശ്രമഫലമായി ഏ. ഡി. 512 ൽ കിഴക്കിന്റെ പിതാക്കന്മാർ സൈദോൻ എന്ന സ്ഥലത്ത് ഒരു സുന്നഹദോസ് കൂടുകയും കൽക്കദൂന്യാ വിശ്വാസത്തെ വേദവിപരീതമായി പ്രഖ്യാപിച്ചു തള്ളിക്കളയുകയും ചെയ്തു. ഈ സുന്നഹദോസിൽ വെച്ച് കൽക്കദോന്യാ വിശ്വാസിയായി സ്വയം വെളിപ്പെടുത്തിയ ഫ്ളാവിയാനോസിനെ സ്ഥാനഭ്രഷ്ടനാക്കുകയും മാർ സേവേറിയോസിനെ അന്ത്യോഖ്യായുടെ പുതിയ പാത്രിയർക്കീസായി തെരഞ്ഞെടുക്കുകയും ചെയ്തു. അനസ്താസ്യൂസ് രാജാവ് സുന്നഹദോസ് നിശ്ചയങ്ങളെ അംഗീകരിച്ചതിനു ശേഷം സേവേറിയോസിനെ സൈദോനിലേക്കു കൊണ്ടുവരാനായി ആളയച്ചുവരുത്തി. സൈദോനിലേക്കു വന്ന സേവേറിയോസിനെ പിതാക്കന്മാർ അന്ത്യോഖ്യായിലേക്ക് കൊണ്ടുപോകുകയും അവിടെവച്ച് പാത്രിയർക്കീസായി അവരോധിക്കുകയും ചെയ്തു. ഏ. ഡി. 512 ഒക്ടോബർ 6 ന് അദ്ദേഹം സിംഹാസനാരൂഢനായപ്പോൾ അന്ത്യോഖ്യാ ദേശം മുഴുവനും പനിമഞ്ഞു പൊഴിക്കുകയും സന്തോഷസാഗരത്തിൽ നിമഗ്നമാകുകയും ചെയ്തു.

സേവേറിയോസ് പാത്രിയർക്കീസിന്റെ പ്രവർത്തനങ്ങൾ

മാർ സേവേറിയോസിന് വളരെ കുറച്ചുകാലം മാത്രമേ അന്ത്യോഖ്യായുടെ പാത്രിയർക്കീസായി തുടരുവാൻ സാധിച്ചുള്ളൂ. ചുരുങ്ങിയ കാലയളവിൽ അദ്ദേഹം ഭിന്നിപ്പോയ വിശ്വാസികളെ ഒരുമിപ്പിക്കുവാൻ ആവോളം ശ്രമിച്ചു. സന്യാസവ്രതാനുഷ്ഠാനരീതികൾ തുടർന്നുകൊണ്ടു താൻ മറ്റുള്ളവർക്കു മാതൃകയായി. തന്റെ പാത്രിയർക്കാ അരമന ലളിതജീവിതത്തിന്റെ മാതൃകയാക്കി. ജഡധാരണം ചെയ്ത വചനമാം ദൈവത്തിനു ഇരുസ്വഭാവങ്ങളിൽ നിന്നും സംയോജിതമായ ഏക സ്വഭാവമാണുള്ളതെന്നു ശക്തമായി പഠിപ്പിച്ചു. മാർ പീലക്സിനോസിന്റെ സഹായത്തോടെ സൂറിൽ വിളിച്ചുകൂട്ടിയ സുന്നഹദോസിൽ പ. ശ്ലീഹന്മാരെയും മൂന്നു പൊതുസുന്നഹദോസുകളുടെയും വിശ്വാസത്തെ സ്ഥിരീകരിച്ചു. അറിയൂസ്, അപ്പോളിനാറിയൂസ്, നെസ്തോറിയൂസ്, എവുത്തിക്കോസ്, യൂലിയാനോസ് തുടങ്ങി എല്ലാ വേദവിപരീതികളുടെയും പഠിപ്പിക്കലുകളെ ശക്തമായി നിഷേധിച്ചു. തന്റെ മുൻഗാമിയായ ഫ്ളാവിയാനോസിന്റെ തെറ്റുകളെ അദ്ദേഹം തിരുത്തി.

പരദേശവാസം

അനസ്താസ്യൂസ് രാജാവ് ഏ. ഡി. 518 -ൽ ദിവംഗതനായി. ജസ്റ്റിൻ ഒന്നാമൻ തന്റെ പിൻഗാമിയായി കുസ്തന്തീനോസ്പോലിസിൽ ചക്രവർത്തിയായി. ജസ്റ്റിൻ, അനസ്താസ്യൂസിനെപ്പോലെ അയിരുന്നില്ല. താൻ റോമാ ദേശത്തു



നിന്നുള്ളവനായതുകൊണ്ട് റോമാ പാപ്പാമാരുടെ ഉപകരണമായിട്ടാണ് പ്രവർത്തിച്ചത്. റോമാ പാപ്പായുടെ പ്രേരണയാൽ ഇദ്ദേഹം കൽക്കദൂന്യാ വേദവിപരീതികളെ അനുകൂലിച്ചുകൊണ്ട് സത്യവിശ്വാസികളെ പീഡിപ്പിച്ചു. പല പിതാക്കന്മാരെയും ഇദ്ദേഹം നാടുകടത്തി. മാർ സേവേറിയോസ് കൽക്കദൂന്യാ വിശ്വാസം സ്വീകരിച്ചില്ലെങ്കിൽ അദ്ദേഹത്തിന്റെ നാവു അറുത്തുകളയുമെന്ന രാജവിളംബരം ഉണ്ടായി. ഇതു കേട്ട സത്യവിശ്വാസികൾ തങ്ങളുടെ പിതാവിനു അപകടം സംഭവിക്കും എന്ന ഭയത്താൽ അദ്ദേഹം അന്ത്യോഖ്യായിൽ നിന്നു മാറണമെന്നു നിർബ്ബന്ധിച്ചു. വിശ്വാസികളുടെ നിർബ്ബന്ധത്താൽ തെല്ലായിലെ മാർ യൂഹാനോനെ അന്ത്യോഖ്യാ സിംഹാസനത്തിന്റെ കാവൽക്കാരനായി നിയമിച്ചിട്ട് അദ്ദേഹം അലക്സാന്ത്രിയായിലേക്ക് പോയി. ഏകദേശം 20 വർഷത്തോളം അദ്ദേഹത്തിനു അവിടെ താമസിക്കേണ്ടിവന്നു. ഈ കാലയളവിൽ ഒരു പ്രാവശ്യം സഭയുടെ സമാധാനത്തിനുവേണ്ടി അദ്ദേഹം ഏതാനും എപ്പിസ്കോപ്പന്മാരുമൊരുമിച്ച് കുസ്തന്തീനോസ്പോലിസിലേക്ക് വന്നു. ജസ്റ്റിൻ ഒന്നാമന്റെ കാലശേഷം ജസ്റ്റീനിയൻ ഒന്നാമൻ (520-525) ചക്രവർത്തിയായി സാമ്രാജ്യം ഭരിക്കുമ്പോഴാണ് അദ്ദേഹം ഇപ്രകാരം വന്നത്. സഭയുടെ സമാധാനത്തെ പ്രതി അദ്ദേഹം വേണ്ടതു പ്രവർത്തിച്ചുവെങ്കിലും റോമാ പാപ്പായായിരുന്ന അഗബിത്തോസിന്റെ നിസഹകരണം മൂലം യോജിപ്പു കൈവന്നില്ല. ആകയാൽ അദ്ദേഹം വീണ്ടും അലക്സാന്ത്രിയായിലുള്ള തന്റെ പരദേശവാസ സ്ഥലത്തേക്കു നിരാശയോടും ഖേദത്തോടും കൂടി മടങ്ങിപ്പോകുകയും ജീവപര്യന്തം ശ്ലൈഹീകമായ പ്രവർത്തനങ്ങൾ ചെയ്തു കാലം കഴിക്കുകയും ചെയ്തു.

അവസാന നാളുകൾ

ദൂരദേശത്തു നിന്നുകൊണ്ടുതന്നെ തന്റെ അജപാലനം ഭംഗിയായി നിർവ്വഹിക്കാനും വിശ്വാസികളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുവാനും മാർ സേവേറിയോസിനു കഴിഞ്ഞു. അത്യദ്ധ്വാനം നിറഞ്ഞ തന്റെ ഐഹിക ജീവിതം അവസാനിക്കാറായപ്പോൾ തന്റെ ശിഷ്യസമൂഹത്തെ വിളിച്ചു അടുത്തുനിർത്തി അവരിൽ ക്രിസ്തീയ ധൈര്യത്തിന്റെയും സഹിഷ്ണതയുടെയും ആത്മാവിനെ പകർന്നുകൊടുത്തു. തന്റെ വിയോഗത്തെക്കുറിച്ചു അവരെ അറിയിക്കുകയും പ്രത്യാശയുള്ളവരായി വളരുവാൻ അവരെ പ്രബോധിപ്പിക്കുകയും ചെയ്തു. ഏ. ഡി. 538 ഫെബ്രുവരി 8 -ാം തിയതി അദ്ദേഹം തന്റെ നാഥന്റെ സന്നിധിയിലേക്കു വാങ്ങിപ്പോയി. അദ്ദേഹത്തിന്റെ തിരുശരീരം ഗാസായ്ക്ക് സമീപമുള്ള ദയറായിൽ അടക്കി.

മാർ സേവേറിയോസിന്റെ കൃതികൾ

മാർ സേവേറിയോസ് സുറിയാനിസഭയുടെ മഹാ പണ്ഡിതനായ പാത്രിയർക്കീസായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ, ചാക്രിക ലേഖനങ്ങൾ, പലർക്കായി അയച്ചിരിക്കുന്ന കത്തുകൾ, പാട്ടുകൾ തുടങ്ങി എല്ലാ കൃതികളും താൻ ഒരു തികഞ്ഞ ദൈവഭക്തനും വിശ്വാസസംബന്ധമായ കാര്യങ്ങളിൽ ഉറച്ച തീരുമാനശക്തിയുള്ളവനുമായിരുന്നുവെന്ന് വെളിവാക്കുന്നു. തന്റെ 125 ദീർഘ പ്രസംഗങ്ങൾ, മൂവായിരത്തിഎണ്ണൂറോളം വരുന്ന ലേഖനങ്ങൾ, ധാരാളം പാട്ടുകൾ, മാനീസാകൾ എന്നിവ ഓറിയന്റൽ പട്രോളജി (P.O) പല വാല്യങ്ങളായി നിരവധി ആധുനിക ഭാഷകളിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഫിലാലത്തോസ് (സത്യസ്നേഹി) Ad nephalium, യൂഹാനോൻ ഗ്രാമാത്തിക്കോസിന്റെ വിശ്വാസസംബന്ധമായ എതിർപ്പുകളെ ഖണ്ഡിച്ചുകൊണ്ടുള്ള പ്രബന്ധം (മൂന്നു വാല്യങ്ങൾ), ഹാലിക്കർണാസസിലെ യൂലിയാനോസിന്റെ തെറ്റായ പഠിപ്പിക്കലുകൾക്കെതിരെയുള്ള അഞ്ചു പ്രബന്ധങ്ങൾ തുടങ്ങിയവ ആധുനിക ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

കൂടാതെ സ്സേനോ ചക്രവർത്തിയുടെ ഹോനോത്തിക്കോന്റെ വ്യാഖ്യാന ഗ്രന്ഥം, എട്ടു രാഗങ്ങളിൽ ചൊല്ലാവുന്നവിധം നിർമ്മിച്ചിട്ടുള്ള മാനീസാകൾ, വി. കുർബ്ബാനയുടെ രണ്ടു അന്നാഫോറാകൾ, മാമോദീസായുടെ ഒരു ക്രമം, ദനഹാപ്പെരുന്നാളിലെ വെള്ളം വാഴ്വിന്റെ ശുശ്രൂഷാക്രമം എന്നിവയും മാർ സേവേറിയോസിനാൽ രചിക്കപ്പെട്ടവയാണ്.

മാർ സേവേറിയോസിന് യവനായ ഭാഷയിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്നതിനാൽ ഗ്രീക്കു ഭാഷയിലാണ് തന്റെ കൃതികളെല്ലാം എഴുതപ്പെട്ടത്. അദ്ദേഹത്തിന്റെ ശത്രുക്കളായ കൽക്കദൂന്യാ വേദവിപരീതികളുടെ പ്രേരണയാൽ ധാരാളം കൃതികൾ കൽക്കദൂന്യാ അനുകൂലികളായ രാജാക്കന്മാരാൽ നശിപ്പിക്കപ്പെട്ടു. എന്നാൽ പിന്നീടുള്ള സഭാപിതാക്കന്മാരാൽ സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യപ്പെട്ടവ സംരക്ഷിക്കപ്പെട്ടു. വി. കുർബ്ബാനയുടെ ആരംഭത്തിൽ "നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും" എന്നു തുടങ്ങുന്ന മാനീസോ മാർ സേവേറിയോസിന്റേതാണ്.

സേവേറിയോസിന്റെ ക്രിസ്തുശാസ്ത്രം

മാർ സേവേറിയോസ് അലക്സാന്ത്രിയായിലെ മാർ കൂറിലോസിന്റെ ക്രിസ്തുവിജ്ഞാനിയത്തെ വളരെ കർക്കശമായി പിൻതുടർന്ന പിതാവായിരുന്നു. തന്റെ എല്ലാ കൃതികളിലും "മനുഷ്യാവതാരം ചെയ്ത വചനമാം ദൈവത്തിന്റെ ഏക ഐക്യസ്വഭാവം" എന്ന നിർവചനം വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ഫിലാലത്തസ് എന്ന കൃതിയിൽ ഈ വാക്യം അദ്ദേഹം വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

"പിതാക്കന്മാർ 'മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ ഏക സ്വഭാവം' എന്നു പ്രഖ്യാപിച്ചപ്പോഴൊക്കെ വചനമാം ദൈവം അതിന്റെ നിത്യസ്വഭാവം ഒരു കാരണവശാലും ത്യജിക്കുകയോ നഷ്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്. തന്റെ ക്നൂമായിലും ഒരു മാറ്റമോ ഏറ്റക്കുറച്ചിലോ ഉണ്ടായിട്ടില്ല. വചനമാം ദൈവം മനുഷ്യനായി അവതരിച്ചു എന്ന് പ്രഖ്യാപിച്ചപ്പോഴൊക്കെ അവർ പറഞ്ഞിട്ടുള്ളതാണ് ജഡം ജഡമല്ലാതെ മറ്റൊന്നുമല്ല എന്നും വചനവുമായുള്ള ഐക്യത്തിലൂടെ അല്ലാതെ അതിനു സ്വയമായ നിലനിൽപില്ലായിരുന്നു എന്നും ഉള്ളത്.

വചനം ജഡമായി എന്നാൽ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ട് സ്വഭാവങ്ങളുടെ കലർപ്പില്ലാത്തതും വേർപ്പെടുത്താൻ വയ്യാത്തതുമായ ഐക്യത്തിലൂടെ ക്രിസ്തുവെന്ന ഏക ആളത്വം കന്യകമറിയാമിന്റെ ഉദരത്തിൽ ഉളവായി. യേശുക്രിസ്തു ഒരേ സമയം ദൈവവും മനുഷ്യനുമാണ്. ദൈവത്വം അനുസരിച്ചു പിതാവാം ദൈവത്തോടു സാരാംശത്തിൽ സമനും മനുഷ്യത്വം അനുസരിച്ചു നമ്മോടു സാരാംശത്തിൽ സമനുമാണ്" (ഫിലാലത്തിസ് 139/13).

സേവേറിയോസിന്റെ ക്രിസ്തുശാസ്ത്രചിന്തകളെ താഴെപ്പറയുന്ന വിധം സംഗ്രഹിക്കാം:

1) നിത്യമായി പിതാവാം ദൈവത്തിൽ നിന്നു ജനിച്ച പുത്രനാം ദൈവം മാനവജാതിയുടെ രക്ഷയ്ക്കുവേണ്ടി കന്യകമറിയാമിൽ നിന്നു രണ്ടാമതൊരു ജന്മം എടുത്തു. 2) യേശുക്രിസ്തുവിന്റെ മനുഷ്യത്വം വ്യതിരിക്തമായതും (Individual) പാപം ഒഴികെ സർവ്വത്തിലും നമ്മുടെ മനുഷ്യത്വവുമായി സാമ്യമുള്ളതുമാകുന്നു. 3) ക്രിസ്തുവിന്റെ മനുഷ്യത്വം വ്യതിരിക്തമാകുന്നത് പുത്രനാം ദൈവവുമായുള്ള ക്നൂമായിലുള്ള ഐക്യത്തിൽ മാത്രമാകുന്നു. വ്യതിരിക്തമാകുന്ന മനുഷ്യത്വം പരിപൂർണ്ണതയും യാഥാർത്ഥ്യവുമായി ഐക്യാവസ്ഥയിൽ തുടർച്ചയായും നിലകൊള്ളുന്നു. അതുകൊണ്ട് യേശുക്രിസ്തുവിന്റെ മനുഷ്യത്വം ദൈവത്വത്തിൽ നിന്നു വേർപ്പെട്ടു ഒരിക്കലും നിൽക്കുകയില്ല. 4) ഐക്യപ്പെടലിൽ മനുഷ്യത്വത്തിനോ ദൈവത്വത്തിനോ ഒരു കാരണവശാലും ഏറ്റക്കുറച്ചിലോ, കലർപ്പോ ഉണ്ടാകുന്നില്ല. അതേസമയം വിഭജനമോ വേർപെടലോ ഇല്ലാത്തതും ആകുന്നു. 5) രണ്ടു സ്വഭാവങ്ങൾ വേർപ്പെടാതെ ഐക്യപ്പെട്ടു എന്നു പറഞ്ഞാൽ യേശുക്രിസ്തു ഏക ആളത്വം ആണെന്നർത്ഥം. കുറച്ചുകൂടി വ്യക്തമാക്കിയാൽ യേശുക്രിസ്തുവിന്റെ വാക്കുകളും പ്രവർത്തനങ്ങളും, സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതെല്ലാം, മനുഷ്യാവതാരം ചെയ്ത ദൈവമായ യേശുക്രിസ്തു എന്ന ഒരു ആളത്വത്തിന്റെ പ്രകടനങ്ങളാകുന്നു. 6) മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും സംയോജനത്താൽ ഉണ്ടായ ഒരു ആളത്വം ആണുണ്ടാകുന്നത്. ആ ആളത്വം ദൈവപുത്രന്റെ മനുഷ്യാവതാരാവസ്ഥയാണ്. പുത്രനാം ദൈവത്തിന് മനുഷ്യാവതാരവസ്ഥയും അതിനുമുമ്പുള്ള അവസ്ഥയും ഉണ്ട്. 7) യേശുക്രിസ്തുവിന്റെ മനുഷ്യത്വം പരിപൂർണ്ണവും യഥാർത്ഥവുമാണ്. അതു പാപമൊഴികെ സർവ്വത്തിലും നമുക്ക് തുല്യവുമാണ്.



ബഹ്റൈൻ സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന ഓശാന പെരുന്നാൾ ശുശ്രൂഷകൾക്ക് എബ്രഹാം മാർ എഫിപ്പാനിയോസ് മെത്രാപ്പൊലീത്താ മുഖ്യ കർമ്മികനായിരുന്നു. വികാരി ഫാ. സുനിൽ കുര്യൻ ബേബി, സഹവികാരി ഫാ. ജേക്കബ് തോമസ്, ഫാ. തോമസ് ഡാനിയേൽ അലഞ്ചേരി എന്നിവർ സഹ കാർമ്മികരായിരുന്നു.

വചനതീർത്ഥം

രക്ഷാകരമായ ഉയിർപ്പ് പെരുന്നാൾ

(വി. മത്തായി 28:1–20)

ഫാ. ജെറിൻ ജോൺ അടൂർ



ക്യംതാ, അഥവാ ഉയിർപ്പ് ഉയിർപ്പിന്റെ, എഴുന്നേല്പിന്റെ കാലമാണ്.

ക്യംതാ (Qyamta) എന്നാൽ ഉയിർപ്പ്, എഴുനേൽപ്പ് എന്നൊക്കെയാണല്ലോ അർഥം. കർത്താവു സത്യമായും "ഉയിർത്തെഴുന്നേറ്റു" എന്നു പറയുമ്പോൾ ക്യംതായുടെ അർഥം മുഴുവനും പ്രകാശിതമാണ്.


നോമ്പുകാലം മുട്ടുകുത്തലിന്റെയും കുമ്പിടലിന്റെയും കാലമാണെങ്കിൽ ഉയിർപ്പുകാലം എഴുന്നേല്പിന്റെ, കാലമാണ്.

കർത്താവിന്റെ ഉയിർത്തെഴുന്നേൽപ് ലോകചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ച ഒരു സംഭവമാണ്. അടിച്ചമർത്തലിന്റെയും പീഡനത്തിന്റെയും നിഷേധാത്മകതകളെ അതിജീവിക്കുന്നതിനുള്ള ഊർജ്ജം നൽകി മുമ്പോട്ടു നയിക്കുന്നതിനു ഉയിർത്തെഴുന്നേൽപ് എന്ന ആശയം സഹായകമായിട്ടുണ്ട്. ലോകമെമ്പാടും ക്രൈസ്തവ വിശ്വാസികൾ ഉയിർപ്പ് ആഘോഷപൂർവ്വം ആചരിക്കുന്നു. മരണത്തിനു അടിമപ്പെടാതെ അതിനെ അതിജീവിക്കുകയാണ് കർത്താവ് ചെയ്തത്. മരണം ഒരു യാഥാർത്ഥ്യമായിരിക്കെ കർത്താവ് അതു അഭിമുഖീകരിച്ച് അതിജീവിച്ചതുപോലെ നമുക്കും ചെയ്യുവാൻ ദൈവകൃപ പ്രാപിക്കേണ്ടത് ആവശ്യമാണ്. ആത്യന്തികമായി മരണത്തിന്റെ ശക്തികളുടെ മേൽ വിജയം വരിക്കാൻ സാധിക്കുമെന്നുള്ള സന്ദേശമാണ് ഉയിർപ്പിലൂടെ ലഭിക്കുന്നത്. ജീവനെ നശിപ്പിക്കുന്ന നിഷേധാത്മക ശക്തികൾക്കു ഒരു മുന്നറിയിപ്പാണ് പുനരുത്ഥാനം. ജീവനുള്ള കർത്താവ് യാഥാർത്ഥ്യമാകുന്നത് ജീവനുള്ളവരുടെ മദ്ധ്യത്തിലാണ്. "നിങ്ങൾ ജീവനുള്ളവരെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്ത്" (ലൂക്കോ. 24:5). എന്ന വചനം പ്രസക്തമാണല്ലോ. സമൃദ്ധമായ ജീവൻ പ്രദാനം ചെയ്യുന്നവൻ, അന്ധകാരമുള്ള ഇടങ്ങളിൽ ജീവന്റെ സാക്ഷികളാകാൻ വിശ്വാസസമൂഹത്തെ വെല്ലുവിളിക്കുകയാണ്. ഉയിർപ്പുപെരുന്നാൾ കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ നിരന്തരം ഘടനകളെ നവീനമാക്കുകയും വ്യക്തിജീവിതങ്ങളെ പുതുതാക്കുകയും ചെയ്യുന്ന പുനരുത്ഥാന സംഭവത്തെ നമുക്കു ധ്യാനിക്കാൻ കഴിയണം.

ഉയർപ്പ് - അദ്ഭുതങ്ങളുടെ സമ്പൂർണ്ണതയും, ഭയമില്ലായ്മയുടെ സമഗ്രതയും

സൺഡേസ്കൂൾ അധ്യാപകൻ ഒരു കുട്ടിയോട് ചോദിക്കുകയാണ്: "ഒന്നാം നൂറ്റാണ്ടിൽ ഏകദേശം മുപ്പതിനായിരം പേർ കുരിശിൽ തറയ്ക്കപ്പെട്ടിട്ടുണ്ട് എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. അതിൽ ഒരാളുടെ പേര് ഞാൻ പറയാം. അത്, യേശുക്രിസ്തു ആണ്. മറ്റൊരാളുടെ പേര് പറയാമോ?" എന്ന്. അൽപ നേരം ആലോചിച്ച ശേഷം കുട്ടി പറഞ്ഞു: "എനിക്കും യേശുവിന്റെ പേര് മാത്രമേ അറിയൂ" എന്ന്. അധ്യാപകൻ തുടർന്നു: "മുപ്പതിനായിരത്തിലധികം ആളുകൾ കുരിശുമരണം വരിച്ചിട്ടും എല്ലാവർക്കും അറിയുന്ന പേര് യേശുവിന്റേത് മാത്രമാണ്. അത് യേശു കുരിശിൽ മരിച്ചതുകൊണ്ട് മാത്രമല്ല, മറിച്ച്, മരണത്തെ ജയിച്ച് അവിടുന്ന് ഉയിർത്തെഴുന്നേറ്റതുകൊണ്ടാണ്" എന്ന്. ലോകചരിത്രത്തിലെ മറ്റെല്ലാ മഹാന്മാരും ജനിച്ചു, ജീവിച്ചു, മരിച്ചു, മണ്ണോടു ചേർന്നു. എന്നാൽ യേശു മാത്രമേ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റുള്ളൂ. അതെ, ലോകചരിത്രത്തെ അദ്ഭുതപ്പെടുത്തിയ ആ മഹാ സംഭവമായി നാം ഈസ്റ്റർ ആയി ഇന്ന് കൊണ്ടാടുന്നത്.

ഉയിർപ്പിന്റെ പ്രധാന സന്ദേശമാണ് "ഭയപ്പെടേണ്ട" എന്നത്. നമ്മോട് ക്രിസ്തു പറയുന്നു: "ഭയപ്പെടേണ്ട, ഞാൻ നിങ്ങളോട് കൂടെയുണ്ട്" എന്ന്. ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമ്മുടെ കുടുംബങ്ങളിലും ജീവിത മേഖലകളിലും ഉണ്ട്, അവിടുന്ന് നമുക്കിടയിൽ ഇന്നും ജീവിക്കുന്നവനായി ഉണ്ട് എന്ന സത്യത്തിലേക്കും ഉയിർപ്പ് തിരുനാൾ വിരൽ ചൂണ്ടുന്നു. ഉത്ഥിതനിലുള്ള ആഴമായ വിശ്വാസത്തോടെ ജീവിതസാഹചര്യങ്ങളെ നേരിടാൻ അവിടുന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നു. അങ്ങനെയെങ്കിൽ, ഉയിർപ്പു ദിവസം ശിഷ്യൻമാരെയും മദ്ഗലെന മറിയത്തെയും മറ്റ് ഭക്തസ്ത്രീകളെയും ആശ്ചര്യപ്പെടുത്തിയതുപോലെ നമ്മെയും അവിടുന്ന് അനുഗ്രഹങ്ങൾ കൊണ്ട് ആശ്ചര്യപ്പെടുത്തും. കാരണം, ഉത്ഥിതനായ ക്രിസ്തു നമ്മെ ഭയപ്പെടുത്തുന്നവനല്ല, മറിച്ച്, നമ്മെ ആശ്ചര്യപ്പെടുത്തുന്ന ദൈവമാണ് (The God of Surprises).



ഉയിർപ്പ് - നമുക്ക് പ്രത്യാശ നൽകുന്ന, ധൈര്യപ്പെടുത്തുന്ന ദൈവാനുഭവം

ഓക്ക് മരത്തിന്റെ ഒരു കുറ്റിത്തടി നാമ്പിടുന്ന ചിത്രവും, അതോടൊപ്പം 'റെവിറെസ്കോ' എന്ന ലാറ്റിൻ പദവും ചേർത്ത് കലാകാരന്മാർ പ്രത്യാശയുടെ ചിഹ്നം വരയ്ക്കാറുണ്ട്. Reviresco എന്നാൽ 'ഞാൻ വീണ്ടും എഴുന്നേൽക്കും' എന്നാണർത്ഥം. എത്ര മുറിച്ചാലും ആ മുറിപ്പാടിൽ നിന്ന് ഓക്ക് മരക്കുറ്റിക്ക് നാമ്പ് കിളിർക്കുമെന്ന് നമുക്കറിയാം. മുറിച്ചാലും നാമ്പെടുക്കുന്ന ഓക്ക് മരക്കുറ്റി, പ്രതിസന്ധികൾക്ക് മീതെ ഉയരുന്ന പ്രത്യാശയുടെ പ്രതീകമാണ്.

നന്മയുടെ പ്രചാരകരാകാനുള്ള പ്രചോദനം

ഉയിർത്തെഴുന്നേറ്റ ക്രിസ്തു നന്മയുടെ പ്രചാരകരായിരിപ്പാൻ ശിഷ്യരെ ശക്തീകരിച്ചു. ഭയപ്പെട്ട് അധൈര്യമുള്ളവരായിരുന്ന ശിഷ്യസമൂഹത്തെ തന്റെ സാന്നിധ്യത്താൽ കർത്താവ് ഭയരഹിതരാക്കി തീർത്തു. ലോകാവസാനത്തോളം നിങ്ങളോടു കൂടെയുണ്ടെന്ന് അരുളിച്ചെയ്തവന്റെ സാന്നിധ്യം തുടർമാനമായി അവരെ ശക്തീകരിച്ചു. നിങ്ങൾക്കു സമാധാനം എന്ന ആശംസ അവർക്കു പുതിയ ധൈര്യവും പ്രത്യാശയും പകർന്നു. ഇന്നും സമാധാനം ആശംസിക്കുന്ന കർത്താവ് നമ്മെ ശക്തീകരിക്കുന്നു. ഇന്നു മനുഷ്യർ നിരാശയിലും ആശങ്കയിലും ആയിരിക്കുമ്പോൾ കർത്താവ് കൂടെയുണ്ട് എന്ന അറിവ് ശാന്തിയും പ്രതീക്ഷയും ധൈര്യവും നൽകുന്നതാണ്. മരണത്തിന്റെ ശക്തികൾ പ്രബലമായിരിക്കുന്ന ഇടങ്ങളിൽ ജീവന്റെ പ്രചാരകരും, വക്താക്കളുമാകാൻ നമുക്ക് കഴിയണം.

> "എവിടെ മനുഷ്യത്വം നഷ്ടപ്പെടുന്നുവോ?
> എവിടെ വ്യക്തി ജീവിതത്തിൽ ഹിംസാശക്തികൾ പ്രബലപ്പെടുന്നുവോ?
> എവിടെ ജീവന് ഭീഷണി ഉണ്ടാകുന്നുവോ?
> അവിടെ ഉയർപ്പിന്റെ സാന്നിധ്യം ലഭ്യക്കേണ്ടതാണ്".

കളയും കോതമ്പുചെടിയും ഒരുമിച്ചു വളരുന്ന വയലുകളിൽ, കോതമ്പു വിതക്കാതിരിക്കുകയല്ല, കോതമ്പിനെ വളർത്തുകയാണ് ആവശ്യം. തിന്മയാൽ തോറ്റുപോകാതെ, നന്മയാൽ തിന്മയെ ജയിക്കുന്നതിനുള്ള പ്രചോദനമാണ് ഉയിർപ്പിന്റെ സാക്ഷികൾക്കു ഉണ്ടാകേണ്ടത്. ഇതിനു സഹായിക്കുന്നത് സകലത്തെയും പുതുതാക്കുന്ന ദൈവികപ്രവർത്തനത്തിന്റെ ദർശനമാണ്. മനുഷ്യനെയും ലോകത്തേയും രൂപാന്തരപ്പെടുത്തുകയും പുതുതാക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഇടപെടലിനെക്കുറിച്ചുള്ള ബോദ്ധ്യമാണ് ഉൾച്ചേരലുകളുടെ ശൈലിയിൽ പ്രവർത്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. "കോതമ്പുമണി നിലത്തു വീണ് ചാകുന്നില്ലെങ്കിൽ തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ ഫലം കായ്ക്കും." മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഒരു നവസമൂഹസൃഷ്ടി സാദ്ധ്യമാക്കുന്നു. ഈ സ്വാധീനത്തിൽ സൃഷ്ടിപരമായി പ്രവർത്തിക്കുവാനുള്ള വെല്ലുവിളിയാണ് ഉയിർപ്പു പെരുന്നാൾ നൽകുന്നത്. നിഷ്ക്രിയമായ ഉത്സവങ്ങൾ കേവലം ആഘോഷങ്ങളായി അധഃപതിക്കുമ്പോൾ, പുനരുത്ഥാനത്തിന്റെ അർത്ഥതലങ്ങളിൽ നിന്നും നാം അനേകദൂരം അകലെയാണ് എന്ന തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുവാൻ ഈ പെരുന്നാൾ സഹായകരമാകട്ടെ.

വിശ്രുത ദൈവശാസ്ത്രജ്ഞനായ C. S. Song ന്റെ ഒരു ഉദ്ധരണി ശ്രദ്ധേയമാണ്: "A strong faith in tomorrow despite bitter disappointments of yesterday and cruel realities of today."

ഇന്നിന്റെ ക്രൂര യാഥാർത്ഥ്യങ്ങളും, ഇന്നലെകളുടെ കൈപ്പേറിയ നിരാശകളും ഉണ്ടായിരിക്കുമ്പോൾ തന്നെ നാളയെക്കുറിച്ചുള്ള ശക്തമായ വിശ്വാസവും നമുക്കുണ്ടാകണം. നാളെയിലേക്കുള്ള വിശ്വാസയാത്ര കർത്താവിനോടൊത്ത് ആയിരിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ. അപ്പോൾ വർത്തമാനകാലത്തിന്റെ ക്രൂരയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാനുള്ള ദൈവികബലം നമുക്ക് അനുഭവമാകും.

ഉയിർപ്പ്-നവ്യനുഭവങ്ങളുടെയും അറിവിന്റെയും കലവറ

കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് ശിഷ്യർക്ക് നൽകിയത് ഒരു പുതിയ അനുഭവമാണ്. കർത്താവിനോടുള്ള പരിചയത്തിൽ ലഭിച്ച ഒരു പുതിയ അറിവും അനുഭവവും. കല്ലറ വാതിൽക്കൽനിന്നു കരയുന്ന സ്ത്രീക്കും (യോഹ. 20:15), എമ്മവുസ്സിലേക്ക് യാത്ര ചെയ്യുന്ന ശിഷ്യന്മാർക്കും (ലൂക്കോ 24:13–31) ഒറ്റപ്പെട്ടുപോയ തോമസിനും (യോഹ 21:1–11) എല്ലാം പൊതുവായ ഒരു അനുഭവതലം ഉണ്ടായിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് അവർക്ക് പരിചിതമായിരുന്ന സങ്കേതങ്ങൾക്കപ്പുറമായാണ് പ്രത്യക്ഷമായത്. ഇതുവരെ കണ്ടിട്ടില്ലാത്തതുപോലെ കാണാനും, അറിഞ്ഞിട്ടില്ലാത്തതുപോലെ അറിയാനും, അനുഭവിച്ചിട്ട് ഇല്ലാത്തതുപോലെ അനുഭവിപ്പാനുമുള്ള ഒരു ക്ഷണമാണ് പുനരുത്ഥാനത്തിലൂടെ ഉണ്ടായത്. തുടർന്നുള്ള അവരുടെ പ്രേഷിതയാത്രകളിൽ സാഹചര്യങ്ങളുടെ വെല്ലുവിളികൾക്കു അനുസരണമായി സാക്ഷ്യം നിർവ്വഹിക്കുവാൻ ഈ അനുഭവം അവർക്ക് പ്രചോദനമായി ത്തീർന്നു. ഉയിർപ്പുപെരുന്നാളിന്റെ ഈ നാളുകളിൽ ഇതു നമുക്ക് പ്രചോദനം നൽകുന്ന ദർശനമാകട്ടെ, ഉയിർത്തെഴുന്നേറ്റ കർത്താവ് എപ്രകാരം ശിഷ്യസമൂഹത്തെ രൂപാന്തരപ്പെടുത്തിയോ, അപ്രകാരം നാമും രൂപാന്തരപ്പെടാനുള്ള സാദ്ധ്യതയാണ് ഉയിർപ്പ് നൽകുന്നത്. ജീവിതമേഖലകളിൽ ഉളവായിവരുന്ന ഓരോ സാഹചര്യത്തിനും ദൈവരാജ്യത്തിനു യോജിക്കുന്ന പ്രതികരണം നൽകാൻ ഈ രൂപാന്തരം നമ്മെ ശക്തിപ്പെടുത്തും.

ഉയിർപ്പ് – ശിഷ്യർക്കു പുതിയ ദൗത്യങ്ങളേക്കുള്ള ചുവടുവയ്പ്പ്

ക്രിസ്തുവിനെ അറിയേണ്ടതുപോലെ അറിയുക എന്നതു എക്കാലവും പ്രാധാന്യമുള്ളതാണ്. പ്രവർത്തനമേഖലകളിൽ പരാജിതരായ ശിഷ്യർ, ക്രിസ്തുസാന്നിദ്ധ്യം തിരിച്ചറിഞ്ഞപ്പോൾ ദൗത്യത്തിന്റെ പുതിയ മാനം കണ്ടെത്തി. തിബെര്യാസ് കടൽക്കരയിൽ ശീമോൻ പത്രോസും കൂട്ടരും മത്സ്യബന്ധനത്തിൽ പരാജയപ്പെട്ടപ്പോൾ, ഉയിർത്തെഴുന്നേറ്റ കർത്താവ് കരയിൽ നിന്നിരുന്നു. പടകിന്റെ വലതുഭാഗത്ത് വല വീശുന്നതിനു നിർദ്ദേശം നൽകപ്പെട്ടു. നിറഞ്ഞ വലകൾ വലിച്ചടുപ്പിക്കുമ്പോൾ അത് കർത്താവാകുന്നു എന്ന തിരിച്ചറിവ് യേശു സ്നേഹിച്ച ശിഷ്യൻ പ്രഖ്യാപിക്കുന്നു (യോഹ. 21:7). ക്രൂശിന്റെ പാതയിൽ മുന്നേറുവാനുള്ള സമർപ്പണവും, ആവേശവും അതിന്റെ ഫലമായി അവർക്കുണ്ടാകുന്നു. മുറിക്കപ്പെട്ട ക്രിസ്തുശരീരത്തിന്റെ കാഴ്ച, മുറിക്കപ്പെടുവാനുള്ള സമർപ്പണത്തിനു മുഖാന്തരമായി, ഉയിർപ്പു പെരുന്നാളിന്റെ ആചരണം അപ്രകാരമുള്ള പ്രതിബദ്ധതയ്ക്കു മുഖാന്തരമായി തീരണം. ◆



Hosana Service by Dr. Geevarghese Mar Yulios metropolitan at Dublin, St. Thomas Parish.



കോട്ടയം പഴയസെമിനാരിയിൽ വചനിപ്പ് പെരുന്നാളിനോട് അനുബന്ധിച്ചുള്ള വി. കുർബ്ബാനക്ക് സഖറിയ മാർ സേവേറിയോസ് പ്രധാന കാർമികത്വം വഹിച്ചു.

Church Calendar

THE RISEN CHRIST

(Easter Sunday, Mark 16:01-08)

Fr. Sajoie Samuel



Christ is Risen. Indeed He is Risen.

The Great Lent has reached its final days with the onset of Easter. In the Wedding of Cana we are blessed by the providence of God that makes tasteless water transformed into excellent wine. Through the healing of the Leper, Jesus cleanses us from our physical and spiritual impurities to embrace purity of mind and heart in both physical and spiritual realms. When the paralytic is healed, he teaches us through his four friends to never be discouraged when the challenges in life galore to limit you from attaining divine blessings.

The Canaanite Lady teaches us the grit and staunch faith we need to force God to give in to our needs. The Bent Lady is renowned for her dedication in serving God inspite of all her limitations. The Blind Man shows us how sight and insight can together lead us to finding the True Light. For Hossanah the children lead the way in praising Jesus and show us that only an innocent mind can sing unceasing praise to God.

I. STEP OUT OF YOUR COMFORT ZONES TO WITNESS THE GLORY OF EASTER IN YOUR LIFE

Throughout the passion of Jesus Christ we see all disciples (except John) in a sort of an escape mode, safely cuddled in their comfort zones, far away from the risk to their lives. Peter was cozy by the fire when the servant girl identifies him as a Galilean who was with Christ (Luke 22:56). That is why the angel makes special reference to Peter in vs 07 . On the other hand, the women were with Jesus throughout His afflictions and even after His death. So they are accorded special status in the divine narrative which was completely unheard of in those times.

As the saying goes 'The early bird gets the worm', the women rush to the tomb early morning and hence become 'apostles to the apostles'. They are made to pass on the Good News to the disciples. They muster up courage to defy all odds to anoint their Savior's body. As a result they are made to hear and see things which the disciples were raring to witness. In a first for those times, the witness of women was taken at face value and the annals of history vouch for it.

In this Easter, let us identify our comfort zones and venture out of it as the resurrected Lord awaits us by the tomb of our sanctuaries.

II. MAKE THE REASON OF YOUR SHAME, THE CAUSE OF YOUR GLORY

The angel says to the women "You seek Jesus of Nazareth who was crucified". Here Jesus is identified with being a Nazarene and being crucified. Both tags are not something to be proud of. But when Jesus gets associated with them, He revolutionized them. Jesus does not feel humiliated when called a Nazarene or being crucified for His flock. On the other hand, He willingly submits Himself, to His Heavenly Father to prepare Himself for the deification of humankind.

In short, Jesus Christ made what was a shame (to be crucified) to be a way of salvation for others. The critics of Jesus wanted to silence Him but eventually led Him to be the catylst for human redemption. Even on the cross He was ensuring those who believed in Him would enter paradise. Towards the fag end of his life, the thief realised his sinful self and repented and Jesus ensures him paradise. Today the cross stands as an epitome of victory over death.

III. WHEN HUMANS THINK OF TEMPORARY OBSTACLES, GOD PROVIDES PERMANENT SOLUTIONS

When the women go to the tomb early in the morning, they are haunted by the fear as to who would roll away the heavy stone that guarded the tomb. Those who could easily roll away the stone in their company (the disciples) were sitting safe away from the risk to their life. But God had other plans for the women. When they reached the tomb, they find the stone already rolled back and the tomb empty. When the women folk were wary of their earthly life travails, God prepares the way for their eternal life by giving His only Begotten Son, victory over death.

Easter teaches us to think ahead of our problems. We are made to look at the bigger picture, and prepare for it. There is no stone or tomb that can limit us. Rather, it is through the tomb that we are shown the way to gain victory over death. Now sin can no longer limit human quest to be united with the Savior. Satan cannot prevail over the believers who have dedicated their life for their Savior. As Chrisians we are encouraged to embrace our difficulties and look ahead for the Kingdom to come.

The joy of Easter removes the fears of the women that they were both aware and unaware of. The women are worried about the stone, but seem to be oblivious of another issue. Guards were stationed by the authorities to foil any bid of the disciples to rob the body of Jesus. But the challenge posed by the guards is tackled by God Almighty even before the women plan to go to the tomb. When humans make an effort to search for Jesus in the right spirit, God ensures them success. So the Wise Men are able to see Jesus, as they were wanting to.

IV. THE RESURRECTION OF JESUS FREES US FROM CONDEMNATION

The disciples were afraid of the authorities and were hiding safely in their room. They confined themselves so as to safeguard themselves from the threat of the Romans. When the angel speaks to the women, special reference is made to Peter. The disciples were expected to carry on the responsibility handed over to them by their Master. But Jesus does not humiliate or scold them as punishment. On the other hand, He gathers them together with love and affection that He always showed them.

Are we bogged down by our sins? Is our hope leading us to despair? Then this Easter Sunday is a message to us to journey back to our Savior who accommodates us in His loving arms with love and blessing. He doesn't delight in punishing us, but like a loving Father, waits on us to look upto Him for refuge. So when we leave our comfort zones and entrust ourselves to divine providence, we find our life better poised to spiritual wellness.

To conclude, we have reached the end of the Kothine to Kymtha liturgical cycle. We are to imbibe spiritual lessons from the eight Sunday's of the Great Lent. From next Sunday (April 07) will start the next liturgical cycle namely Kymtha to Pentecost. This is the time to introspect how we would prepare for Pentecost. May the Holy Spirit who is our Divine Comforter equip us to lead spiritually enriched lives. Wishing all readers a blessed and peaceful Easter.

Christ is Risen. Indeed He is Risen

❑



പരുമല സെമിനാരിയിൽ നടന്ന ഓശാന പെരുന്നാൾ ശുശ്രൂഷയ്ക്ക് ഡോ. ഗീവർഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ മുഖ്യകാർമികത്വം വഹിച്ചു. പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാൻ, അസിസ്റ്റന്റ് മാനേജർമാരായ ഫാ. ജെ. മാത്തുക്കുട്ടി, ഫാ. എൽദോസ് ഏലിയാസ് എന്നിവർ സഹ കാർമികത്വം വഹിച്ചു.



Abraham Mar Stephanos officially confirms the establishment of an Indian Orthodox Congregation in Belgium. On March 17, 2024, Holy Qurbana was celebrated with the Indian Orthodox community in Leuven, Belgium. Abraham Mar Stephanos dedicated the Congregation to the name of St. James the Apostle. Following the Holy Qurbana, Catholicate Day prayers were held at the newly formed St. James the Apostle Indian Orthodox Congregation, Leuven, Belgium.



കേരള യൂണിവേഴ്സിറ്റി എം.എഡ് മാത്തമാറ്റിക്സിന് രമ്യ ഷാജുവിന് രണ്ടാം റാങ്ക് ലഭിച്ചു. തുമ്പമൺ ഏറം സെന്റ് ജോർജ് വലിയപള്ളി അംഗമാണ്.
മാത്തൂർ, ആശാരിയേത്ത് ഉഷാ ഭവനിൽ ഷാജു എം. ജോർജിന്റെയും ജിജി ഷാജുവിന്റെയും മകളാണ്.



കെമിക്കൽ എൻജിനീയറിങ്ങിൽ പി. എച്ച്.ഡി. (എൻ.ഐ.ടി. കോഴിക്കോട്) നേടിയ കോട്ടയം സെന്റ് ഗിറ്റ്സ് എൻജിനീയറിങ് കോളജ് അസി. പ്രൊഫ. മോനാ മേരി വർഗീസ്. ഇരവിപേരൂർ തോട്ടപ്പുഴ നീലങ്കേരിൽ മത്തായി വർഗീസിന്റെയും ലിസ്സിയുടെയും മകളാണ്. ഭർത്താവ്: കുമ്പനാട് ചൂണ്ടമണ്ണിൽ നവീൻ വർഗീസ് മാത്യു. ചെങ്ങന്നൂർ ഭദ്രാസനത്തിലെ തോട്ടപ്പുഴ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.




ഡോ. പി. വി. കോശി അന്തരിച്ചു

ആറാട്ടുപുഴ: പൂപ്പള്ളി ഡോ. പി. വി. കോശി (പാപ്പച്ചൻ-95) അന്തരിച്ചു. പ. വട്ടശ്ശേരിൽ തിരുമേനിയുടെയും പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെയും വാത്സല്യം അനുഭവിക്കാൻ ഇടയായ ഇദ്ദേഹം വലിയ സഭാസ്നേഹിയായിരുന്നു. പൂപ്പള്ളി ആശുപത്രി സ്ഥാപകനായി ആറ് പതിറ്റാണ്ടിലേറെ ഡോക്ടറായി ജോലി ചെയ്തു. സംസ്ക്കാരം ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.


ഭാര്യ: സുശീല ചാലക്കുഴി. മക്കൾ: മീനു, രേണു, ഡോ. ജോർജ് കോശി (സീനിയർ കാർഡിയോളജി സ്റ്റ്, സെന്റ് ഗ്രിഗോറി യോസ് മെഡിക്കൽ മിഷൻ ആശുപത്രി പരുമല). മരുമക്കൾ: അശോക് കുര്യൻ തയ്യിൽ കണ്ടത്തിൽ (ബെംഗളൂരു), റേ കുര്യൻ ഉപ്പുട്ടിൽ (കുന്നൂർ), അനുപ തയ്യിൽ കണ്ടത്തിൽ (കൊച്ചി).

പുസ്തകം



A Pilgrimage to the Divine
(A Short Biography of Paulos Mar Gregorios)
Dr. Annie David
Published by Sophia Books, Kottayam
Mob: 7012270083, 99471 20697

Rs. 150/-



ഓർമ്മയുടെ മർമ്മരം

സൈമൺ വി. ഫിലിപ്പ്

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം

വില: 100 രൂപ